- തൊഴിൽ, ഭരണഘടനാ നിയമങ്ങളിൽ നിപുണനായിരുന്ന ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ അന്തരിച്ചു. പേര് ?
  - **യു.കെ. രാമകൃഷ്ണൻ (80)**
- മലയാള ടെലിവിഷൻ മേഖലയ്ക്കു നൽകിയ സംഭാവന പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ പരമോന്നത ദൃശ്യമാധ്യമ പുരസ്കാരമായ ടെലിവിഷൻ ലൈഫ്ടൈം അവാർഡ് ലഭിച്ചത് ?
  - **ശ്യാമപ്രസാദ്**
- മുസ്ലിംലീഗ് പ്ലാറ്റിനം ജൂബിലി മഹാ സമ്മേളനത്തിൽ പങ്കെടുത്ത തമിഴ്നാട് മുഖ്യമന്ത്രി ?
  - **എം. കെ. സ്റ്റാലിൻ**
- കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സ്വച്ഛ് ഭാരത് മിഷന് കീഴിൽ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ച മൂന്ന് ആഴ്ച നീളുന്ന ശുചിത്വ ക്യാമ്പയിൻ ?
  - **സ്വച്ഛോത്സവ്**
- രാജ്യത്ത് ഉരുൾ പൊട്ടൽ സാധ്യത കൂടുതലുള്ള പത്തുജില്ലകളിൽ ആദ്യ 2 സ്ഥാനങ്ങളിൽ ഉള്ളത് ?
  - **ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ്, തെഹ്രി ഗഡ്വാൾ**
- വനിത പ്രീമിയർ ലീഗിൽ തുടർച്ചയായ 4 തോൽവികൾ വഴങ്ങിയത് ?
  - **ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്**
- വനിതാ പ്രീമിയർ ലീഗിൽ ആദ്യമായി പത്ത് വിക്കറ്റ് വിജയം നേടിയ ടീം ?
  - **യു.പി.വാരിയേഴ്സ്**
  - **( ബാംഗ്ലൂരിനെതിരെ )**
- ഓസ്ട്രേലിയൻ ക്യാപ്റ്റൻ പാറ്റ് കമിൻസിന്റെ മാതാവ് അർബുദബാധയെ തുടർന്ന് അന്തരിച്ചു. പേര് ?
  - **മരിയ**

- അഞ്ചുവിക്കറ്റ് നേട്ടത്തിൽ അനിൽ കുംബ്ലെയെ(25 തവണ) മറികടന്ന ഇന്ത്യൻ സ്പിന്നർ ?
  - **രവിചന്ദ്രൻ അശ്വിൻ**
  - **26 തവണയാണ് അശ്വിൻ അഞ്ചുവിക്കറ്റ് നേട്ടം കൈവരിച്ചത്.**
- ബോർഡർ-ഗാവസ്കർ ട്രോഫിയിൽ ഏറ്റവും കൂടുതൽ വിക്കറ്റുകളെടുത്ത ഇന്ത്യൻ ബൗളറെന്ന ഖ്യാതി നേടിയത് ?
  - **രവിചന്ദ്രൻ അശ്വിൻ (113* വിക്കറ്റുകൾ )**
  - **മറികടന്നത് 111 വിക്കറ്റുകൾ നേടിയ അനിൽ കുംബ്ലെയെ .**
- ലോകത്തിലെ ആദ്യത്തെ ഹാൻഡ് അംബാസഡറായി സച്ചിൻ തെൻഡുൽക്കറെ നിയമിച്ചത് ?
  - **സാവ്‌ലോൺ**
  - **കൈ ശുചിത്വത്തിന്റെ പ്രാധാന്യം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സച്ചിൻ തെൻഡുൽക്കറുടെ കൈ പ്രധാന കഥാപാത്രമായി അവതരിപ്പിക്കുന്നു.**

## MAR 12

- ഖത്തറിന്റെ പുതിയ പ്രധാനമന്ത്രിയായത് ?
  - **ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽറഹ്മാൻ അൽതാനി**
- ചൈനയുടെ പുതിയ പ്രധാനമന്ത്രിയായി അധികാരമേറ്റത് ?
  - **ലി ചിയാങ് (63) ( 2013 മുതൽ പ്രധാനമന്ത്രിയായിരുന്ന ലി കെചിയാങ്ങിന്റെ പിൻഗാമിയാണ്. )**
- ഈ വർഷത്തെ ഓസ്കർ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നത് ?
  - **2023 മാർച്ച് 13**
- ഇന്ത്യയിലേതുൾപ്പെടെ ടെക് സ്റ്റാർട്ടപ്പുകൾക്ക് അക്കൗണ്ടുകളുള്ള ഏത് യുഎസ് ബാങ്ക് ആണ് തകർന്നത് ?
  - **സിലിക്കൺ വാലി ബാങ്ക്**
  - **ആസ്ഥാനം : സാന്റ ക്ലാര, കാലിഫോർണിയ**
  - **യുഎസിലെ 16ആമത്തെ വലിയ ബാങ്ക്**
- ട്വിറ്ററിനു സമാനമായ സാമൂഹികമാധ്യമം ഉടൻ തുടങ്ങുമെന്ന് അറിയിച്ചത് ?
  - **മെറ്റ**
- അഴിമതിക്കേസിനെ തുടർന്ന് അറസ്റ്റിലായ മുൻ മലേഷ്യൻ പ്രസിഡന്റ് ?
  - **മുഹിയുദ്ദീൻ യാസിൻ**

- ബെംഗളൂരുവിൽ നിന്നു മൈസൂരുവിലേക്ക് 75 മിനിറ്റിൽ എത്താവുന്ന 10 വരി അതിവേഗപാത പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിക്കുന്നത് ?
  - **2023 മാർച്ച് 12**
  - **8172 കോടി രൂപ ചെലവിട്ടു നിർമിച്ച 118 കിലോമീറ്റർ അതിവേഗ പാതയോടൊപ്പം 16,000 കോടിയുടെ വിവിധ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നു.**
- കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **മാധവ് കൗശിക്**
  - **പ്രഫ. കുമുദ് ശർമ വൈസ് പ്രസിഡന്റ്; കെ.പി.രാമനുണ്ണി മലയാള സമിതി കൺവീനർ**
- മാർജ്ജാര വർഗ്ഗത്തിൽപ്പെട്ട 7 തരം വന്യമൃഗങ്ങളുടെ സംരക്ഷണാർത്ഥം ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ് (IBSA) രൂപീകരിക്കണമെന്ന് ആഹ്വാനം ചെയ്തത് ?
  - **ഇന്ത്യ**
- LIC യുടെ ഇടക്കാല ചെയർമാൻ സ്ഥാനത്ത് കേന്ദ്ര സർക്കാർ നിയമിച്ചത് ആരെയാണ് ?
  - **സിദ്ധാർഥ മൊഹന്തി**
- 2000-IT നിയമം പരിഷ്കരിച്ച് കൊണ്ടു വരുന്ന ഡിജിറ്റൽ ഇന്ത്യ നിയമം പ്രകാരം ഏതെല്ലാം ഉപകരണങ്ങളുടെ വിൽപ്പനയ്ക്കാണ് KYC നടപടിക്രമം അടക്കമുള്ള കർശന നിബന്ധനകളും നിലവിൽവരുത്തുന്നത് ?
  - **സ്മാർട്ട് വാച്ച്, ഒളിക്യാമറ എന്നിവ അടക്കമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ**
- അടുത്തിടെ പ്രകാശനം ചെയ്ത 'Mundakopanishad: A Gateway to Eternity' എന്ന പുസ്തകം രചിച്ചത് ?
  - **ഡോ. കരൺ സിങ്**
- ഇന്ത്യയിലെ ആദ്യ ജീനോം ഡാറ്റാ സെന്റർ സ്ഥാപിക്കപ്പെടുന്ന സംസ്ഥാനം ?
  - **കേരളം**
- അഷ്ടമുടി കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനും സാമ്പ്രാണിക്കൊടിയിലെ കണ്ടൽക്കാടുകൾ സന്ദർശിക്കുന്നതിനുമായി കുറഞ്ഞ നിരക്കിൽ സുരക്ഷിത ബോട്ട് യാത്ര സർവീസുകൾ വിപുലപ്പെടുത്തുന്ന പദ്ധതി ?
  - **സീ അഷ്ടമുടി**

- അതിക്രമങ്ങൾ നേരിടുന്നതിന് സ്വയം പ്രതിരോധമുറകൾ അഭ്യസിക്കാൻ സ്ത്രീകൾക്കും കുട്ടികൾക്കും വനിത പോലീസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സൗജന്യ പരിശീലനം (2023 മാർച്ച്11,12) ?
  - **ജ്വാല**
- ബ്രഹ്മപുരത്തെ തീപ്പിടിത്തത്തിന്റെ പശ്ചാത്തലത്തിൽ രോഗമുള്ളവർ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ എന്നിവർക്ക് മാസ്ക് നിർബന്ധമാക്കിയത് ?
  - **എറണാകുളം ജില്ലയിൽ**
- കൊച്ചിയിലെ ബ്രഹ്മപുരത്ത് ശാസ്ത്രീയമായല്ല മാലിന്യനിർമാർജന സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയതെന്ന ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചത് ?
  - **കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്**
- ചൂടിന്റെ തീവ്രത വിലയിരുത്തി കേരള ദുരന്തനിവാരണ അതോറിറ്റി ആദ്യമായി പ്രസിദ്ധീകരിച്ച താപസൂചികാ (ഹീറ്റ് ഇൻഡക്സ്)ഭൂപടത്തിൽ എത്ര ജില്ലകളാണ് അപകടമേഖലയിലുള്ളത് ?
  - **5**
  - **തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്**
- മലയാളി മാധ്യമപ്രവർത്തകരുടെ മികച്ച കൃതിക്ക് കേരള മീഡിയ അക്കാദമി ഏർപ്പെടുത്തിയ ആഗോള പുരസ്കാരത്തിന് അർഹനായ അന്വേഷണാത്മക മാധ്യമ പ്രവർത്തകൻ ?
  - **ജോസി ജോസഫ് (പുസ്തകം : നിശബ്ദ അട്ടിമറി)**
  - **അരലക്ഷം ₹യും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.**
- ഡൈവിങിൽ തുടരെ രണ്ട് ഒളിംപിക്സുകളിൽ ഇരട്ടസ്വർണം നേടിയ ആദ്യ താരമായ വ്യക്തി അന്തരിച്ചു. പേര് ?
  - **പാറ്റ് മക്കോർമിക്**
  - **രണ്ട് ഒളിംപിക്സുകളിലായി നേടിയത് 4 സ്വർണം**
- വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെ 10 വിക്കറ്റിന് തോൽപ്പിച്ചത്(മാർച്ച്11,2023) ?
  - **ഡൽഹി ക്യാപിറ്റൽസ്**
- ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യൻ മണ്ണിൽ 4000 റൺസ് നേടുന്ന അഞ്ചാം ഇന്ത്യൻ താരമായത് ?
  - **വിരാട് കോഹ്‌ലി**
  - **മുൻഗാമികൾ സച്ചിൻ, ദ്രാവിഡ്, ഗാവസ്കർ, സേവാഗ് എന്നിവർ.**

- കരിയറിൽ ആകെ 17000 റൺസ് പിന്നിട്ട് ഈ നേട്ടം കൈവരിക്കുന്ന ആറാം ഇന്ത്യൻ താരമായത് ?
  - **രോഹിത് ശർമ**
  - **സച്ചിൻ തെണ്ടുൽക്കർ, വിരാട് കോലി, രാഹുൽ ദ്രാവിഡ്, സൗരവ് ഗാംഗുലി, മഹേന്ദ്രസിങ് ധോനി എന്നിവരാണ് ഇതിനുമുമ്പ് 17,000 റൺസെടുത്തിട്ടുള്ളത്.**
- ഓസീസിനെതിരേ 2000 റൺസ് കടക്കുന്ന നാലാം ഇന്ത്യൻ താരമായത് ?
  - **ചേതേശ്വർ പൂജാര**
- ഒരു കലണ്ടർ വർഷത്തിൽ ക്രിക്കറ്റിലെ 3 ഫോർമാറ്റുകളിലും (ഏകദിനം, ടി20, ടെസ്റ്റ്) സെഞ്ചുറി നേടുന്ന നാലാമത്തെ ഇന്ത്യൻ താരമായത് ?
  - **ശുഭ്മാൻ ഗിൽ**
  - **സുരേഷ് റെയ്ന (2010), കെ.എൽ.രാഹുൽ (2016), രോഹിത് ശർമ (2017) എന്നിവരാണ് മുൻപ് ഈ നേട്ടം കൈവരിച്ചത്.**
- ഇന്ത്യൻ പുരുഷ ഹോക്കി ടീം പ്രോ ലീഗ് മത്സരത്തിൽ 3-2ന് അട്ടിമറിച്ചത് ഏത് രാജ്യത്തെയാണ് ?
  - **ജർമനിയെ**
- ലോകത്തിലെ ഏറ്റവും വലിയ ഹോക്കി സ്റ്റേഡിയമായി ഗിന്നസ് ബുക്കിൽ ഇടംപിടിച്ചത് ?
  - **ബിർസ മുണ്ട ഇന്റർനാഷണൽ ഹോക്കി സ്റ്റേഡിയം, റൂർക്കേല**

## MAR 13

- അർജന്റീനയിൽ നിന്നുള്ള ജെസ്യൂട്ട് വൈദികൻ ഹോർഹെ മരിയോ ബെർഗോഗ്ലിയോ കത്തോലിക്കാ സഭയുടെ പരമോന്നതനായ ഫ്രാൻസിസ് മാർപാപ്പയായിട്ട് 10 വർഷം തികയുന്നത് ?
  - **2023 മാർച്ച് 13**
- 2023 മാർച്ചിൽ പൊട്ടിത്തെറിച്ച ഇന്തോനേഷ്യയിലെ അഗ്നിപർവ്വതം ?
  - **മൗണ്ട് മെറാപി**
- രൂക്ഷമായ വായുമലിനീകരണം മൂലം ഒരാഴ്ചയ്ക്കിടെ രണ്ടുലക്ഷത്തോളം പേർ ആശുപത്രിയിലായത് ?
  - **ബാങ്കോക്ക്, തായ്‌ലൻഡ്**

- അടുത്തിടെ റഷ്യയിൽ നിന്ന് സുഖോയ്-35 യുദ്ധവിമാനങ്ങൾ വാങ്ങുന്നതിന് കരാർ ഒപ്പിട്ട രാജ്യം ?
    - **ഇറാൻ**
- രണ്ട് ദിവസത്തെ(മാർച്ച്11,12) G20 പുഷ്പമേള ഉദ്ഘാടനം ചെയ്തത് ?
    - **ന്യൂഡൽഹിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്**
- 2023 മാർച്ചിൽ എന്താണ് കേന്ദ്ര സർക്കാർ കള്ളപ്പണ നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത് ?
    - **ക്രിപ്റ്റോ കറൻസി വിനിമയം**
- സ്വവർഗവിവാഹത്തിന് നിയമപരമായ അനുമതി നൽകണമെന്നാവശ്യപ്പെടുന്ന ഹർജികളെ എതിർത്ത് സുപ്രീംകോടതിയിൽ എത്തിയത് ?
    - **കേന്ദ്രസർക്കാർ**
- അടുത്തിടെ രാജി പ്രഖ്യാപിച്ച ഇൻഫോസിസ് പ്രസിഡന്റ് ?
    - **മോഹിത് ജോഷി**
- കഴിഞ്ഞ രണ്ടുവർഷത്തിനിടെ മണ്ണിടിച്ചിൽ ഏഴു മടങ്ങായി വർധിച്ചെന്ന് ദുരന്തനിവാരണ അതോറിറ്റി റിപ്പോർട്ട് ചെയ്ത ഇന്ത്യൻ സംസ്ഥാനം ?
    - **ഹിമാചൽ പ്രദേശ്**
- ട്രാൻസ് ജെൻഡേഴ്സിന്റെ ഉന്നമനം ലക്ഷ്യമിട്ട് ട്രാൻസ് ടീസ്റ്റാൾ ഉദ്ഘാടനം ചെയ്യപ്പെട്ട അസമിലെ റെയിൽവേ സ്റ്റേഷൻ ?
    - **ഗുവാഹത്തി റെയിൽവേ സ്റ്റേഷൻ**
- നീതിപാതയിലെ ധീരവനിത എന്ന പേരിൽ സുപ്രീം കോടതിയിലെ ആദ്യ വനിതാ ജഡ്ജിയായ ഫാത്തിമ ബീവിയെപ്പറ്റി കേരള സാംസ്കാരിക വകുപ്പ് തയ്യാറാക്കുന്ന ഡോക്യുമെന്ററിയുടെ സംവിധായിക ?
    - **പ്രിയ രവീന്ദ്രൻ**
- ബ്രഹ്മപുരം തീപ്പിടിത്തത്തിന്റെ അടിസ്ഥാനത്തിൽ അന്തരീക്ഷത്തിലെ വായുവിലെ രാസബാഷ്പ മാലിന്യത്തിന്റെ അളവ് (പി.എം.2.5) ഏറ്റവും ഉയർന്ന അളവിൽ എത്തിയത് ?
    - **തീപ്പിടത്തമുണ്ടായതിനു രണ്ടാം ദിവസം മാർച്ച് നാലിന് പുലർച്ചെ 936 പോയിന്റ് എത്തി.**

- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കച്ചവടത്തെരുവുകളിലും ഉഷ്ണതരംഗ, സൂര്യാഘാത സാധ്യതകൾ കണക്കിലെടുത്ത് തണ്ണീർപന്തലുകൾ തുടങ്ങാൻ തീരുമാനിച്ച സംസ്ഥാനം ?
  - **കേരളം**
- ജൈവവൈവിധ്യ മേഖലയിൽ നേട്ടം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഡാറ്റാ സെന്ററർ നടപ്പിലാക്കുന്നത് ?
  - **കെ ഡിസ്ക്**
- അഹമ്മദാബാദ് ടെസ്റ്റിൽ തന്റെ ടെസ്റ്റിലെ 28-ാം ശതകം (186 റൺസ്) കുറിച്ചത് ?
  - **വിരാട് കോഹ്‌ലി**
  - **സെഞ്ചുറിക്കായി കാത്തിരുന്നത് മൂന്ന് വർഷം മൂന്ന് മാസം 17 ദിവസം.**
- ലോകകപ്പ് ഫുട്ബോളിൽ ഏറ്റവും മികച്ച ഗോൾകീപ്പർക്കുള്ള ഗോൾഡൻ ഗ്ലൗവ് പുരസ്കാരം ലഭിച്ച ആരാണ് ഫൈനലിൽ ധരിച്ച ഗ്ലൗ ലേലത്തിൽവെച്ച് ആ തുക അർജന്റീനയിലെ അർബുദബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കായി നൽകിയത്
  - **എമിലിയാനോ മാർട്ടിനെസ്**
  - **ലേലത്തിലൂടെ 36 ലക്ഷം ₹യ്ക്കാണ് ഗ്ലൗവ് വിറ്റത്.**
- ഇതോടെ എല്ലാ ഫോർമാറ്റുകളിൽ നിന്നുമായി ആകെ എത്ര സെഞ്ചുറിയായി വിരാട് കോഹ്‌ലിക്ക് ?
  - **75**
- വ്യത്യസ്ത വേദികളിൽ സെഞ്ചുറിയെന്ന നേട്ടത്തിൽ രണ്ടാമത് എത്തിയത് ?
  - **വിരാട് കോഹ്‌ലി**
  - **46 വ്യത്യസ്ത വേദിയിലാണ് കോലി സെഞ്ചുറി നേടുന്നത്. 53 വേദികളിൽ സെഞ്ചുറി നേടിയ സച്ചിൻ തെണ്ടുൽക്കറാണ് ഒന്നാമത്.**
- ഐ.എസ്.എൽ. സെമിയിൽ മുംബൈ സിറ്റിയെ പരാജയപ്പെടുത്തിയത് ?
  - **ബെംഗളൂരു എഫ്.സി.**

## MAR 14

- ലോക ഗ്ലോക്കോമ വാരം ആചരിക്കുന്നത് ?
  - **മാർച്ച് 12 മുതൽ**
- പൈ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 14 (~ 3.14)**

- International Day of Action for Rivers ആചരിക്കുന്നത് ?
    - **മാർച്ച് 14**
- IDFC മ്യൂച്വൽ ഫണ്ട് പുനർനാമകരണം ചെയ്തത് ഏത് പേരിലാണ് ?
    - **ബന്ധൻ മ്യൂച്വൽ ഫണ്ട്**
- G20 ഉച്ചകോടിയുടെ ഭാഗമായി, ആദ്യത്തെ സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻ 20 (SAI20) സീനിയർ ഓഫീസേഴ്സ് മീറ്റിംഗ് നടക്കുന്നത് ?
    - **ഗുവാഹത്തി, മാർച്ച് 13-15**
- തെലങ്കാനയിലെ സ്ത്രീകൾക്കായി ആരംഭിച്ച പുതിയ ആരോഗ്യ പരിപാടി ?
    - **ആരോഗ്യ മഹിള**
- ഇൻഡസ്ഇൻഡ് ബാങ്കിന്റെ എംഡി, സിഇഒ ആയി വീണ്ടും നിയമിതനാവുന്നത് ?
    - **സുമന്ത് കത്പാലിയ**
- ഏപ്രിൽ അവസാനത്തോടെ തദ്ദേശീയതലത്തിൽ ഇന്ത്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) പ്രോഗ്രാം വികസിപ്പിക്കുമെന്ന് പ്രഖ്യാപിച്ചത് ?
    - **കേന്ദ്ര ഇലക്ട്രോണിക്സ്-ഐ.ടി. സഹമന്ത്രി രാജീവ് ചന്ദ്രശേഖർ**
- ചില്ലറവിലയെ അടിസ്ഥാന മാക്കിയുള്ള ഉപഭോക്തൃ പണപ്പെരുപ്പം ഫെബ്രുവരിയിൽ എത്രയാണ് ?
    - **6.44%**
- പോപ്പി കൃഷി ചെയ്യാൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ട ഇന്ത്യൻ സംസ്ഥാനം ?
    - **പശ്ചിമ ബംഗാൾ**
    - **നിലവിൽ, മധ്യപ്രദേശ്, ഉത്തർപ്രദേശ്,രാജസ്ഥാൻ എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ കറുപ്പ് പോപ്പി കൃഷി അനുവദനീയമാണ്.**
- 3D പ്രിന്റ് ചെയ്ത ഭാഗങ്ങൾ കൊണ്ടുള്ള ആദ്യത്തെ റോക്കറ്റ് വിക്ഷേപണം സാങ്കേതിക തകരാർ മൂലം മാറ്റിവെച്ചു. പേര് ?
    - **ന്യൂയോർക്കിലെ റിലേറ്റിവിറ്റി സ്പേസിന്റെ ടെറാൻ-1**
- സിലിക്കൺ വാലി ബാങ്കിനുപിന്നാലെ അമേരിക്കയിൽ ഒരു ബാങ്കുകൂടി തകർന്നു. പേര്, ആസ്ഥാനം ??
    - **സിഗ്നേച്ചർ ബാങ്ക്, ന്യൂയോർക്ക്**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- ക്രൊയേഷ്യൻ വനിതാ ഫുട്ബോൾ ലീഗിൽ ആദ്യ ഗോളടിച്ച ഇന്ത്യൻ താരമായത് ?
  - **ജ്യോതി ചൗഹാൻ**
  - **(ഡൈനാമോ സഗ്രെബ് ടീം അംഗം )**
  - **റീഖയ്ക്കെതിരായ മത്സരത്തിൽ 4-0ത്തിന് ഡൈനാമോ സഗ്രെബ് ജയിച്ചു.**
- ഈ വർഷത്തെ ലോക ബോക്സിങ് ചാമ്പ്യൻഷിപ്പിന്റെ ബ്രാൻഡ് അംബാസഡർമാരായി ബോക്സിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (BFI) തിരഞ്ഞെടുത്തത് ?
  - **മേരി കോം, ഫർഹാൻ അക്തർ**
- 2023 ലോക ബോക്സിങ് ചാമ്പ്യൻഷിപ്പിന്റെ വേദി ?
  - **ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സ്, ന്യൂഡൽഹി**
  - **മൂന്നാം തവണയാണ് ഇന്ത്യ ആതിഥേയരാകുന്നത്.**
- ഓസ്ട്രേലിയക്ക് എതിരായ നാലാം ടെസ്റ്റ് സമനിലയിൽ ആയതോടെ തുടർച്ചയായ നാലാം തവണയും ബോർഡർ-ഗാവസ്കർ ട്രോഫി(2-1) നേടിയത് ?
  - **ഇന്ത്യ**
  - **അശ്വിനും രവീന്ദ്ര ജഡേജയും പരമ്പരയിലെ താരങ്ങൾ.**
- ശ്രീലങ്കയ്ക്കെതിരായ ടെസ്റ്റ് മത്സരത്തിൽ ന്യൂസീലൻഡ് ജയിച്ചതോടെ ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഓസ്ട്രേലിയയ്ക്ക് എതിരാളി ആയത് ?
  - **ഇന്ത്യ**
- ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനൽ നടക്കുന്നത് ?
  - **2023 ജൂൺ 7-11, ഓവൽ, ഇംഗ്ലണ്ട്**
- വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ അഞ്ചാം തോൽവി നേടിയത് ?
  - **ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്**
- ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച മുൻ ഓസ്ട്രേലിയൻ ഓപ്പണർ ?
  - **ഷോൺ മാർഷ്**
- കായിക കേരളത്തിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നത് ?
  - **സ്പോർട്സ് ഇക്കണോമി മിഷൻ**
- സംസ്ഥാന വ്യാപകമായി കുപ്പി വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷ വകുപ്പ് ആരംഭിച്ച പ്രത്യേക പരിശോധന ?
  - **ഓപ്പറേഷൻ പ്യുവർ വാട്ടർ**

- മികച്ച ഒറിജിനൽ ഗാനത്തിനുള്ള ഓസ്കർ പുരസ്കാരം നേടിയത് ?
  - **നാട്ടു നാട്ടു ..., RRR**
  - **ഈണമിട്ട മരഗതമണി കീരവാണിയും പാട്ടെഴുതിയ കനുകുന്തല സുഭാഷ് ചന്ദ്രബോസും ഓസ്കർ പുരസ്കാരം ഏറ്റുവാങ്ങി.**
- ആദ്യമായാണ് ഹ്രസ്വ ഡോക്യുമെന്ററി വിഭാഗത്തിൽ ഇന്ത്യക്ക് ഓസ്കർ ലഭിക്കുന്നത്. പേര് ?
  - **ദി എലിഫന്റ് വിസ്പറേഴ്സ്**
  - **സംവിധായക : കാർത്തികി ഗോൺസാൽവസ് , നിർമാതാവ് : ഗുർണിത് മോംഗ**
- മുതുമലൈ ദേശീയ പാർക്കും, തെപ്പക്കാട് ആനസംരക്ഷണകേന്ദ്രവും കേന്ദ്രീകരിച്ച് രണ്ടുവർഷത്തോളം സമയമെടുത്ത് ചിത്രീകരിച്ച ഡോക്യുമെന്ററി ?
  - **ദി എലിഫന്റ് വിസ്പറേഴ്സ്**
- ഇംഗ്ലീഷ് ഇതരഭാഷകളിൽ നിന്ന് പുരസ്ക്കാരം നേടുന്ന എത്രാമത് ഗാനമാണ് നാട്ടു നാട്ടു?
  - **4**
  - **2009-ൽ എ.ആർ. റഹ്മാൻ-ഗുൽസാർ ജോഡിയുടെ ജയ് ഹോയ്ക്കുശേഷം ഓസ്കർ നേടുന്ന ആദ്യ വിദേശഭാഷാ ഗാനമാണ് ഇത്.**
- ഓസ്കർ വേദിയിൽ നാട്ടു നാട്ടു 🎼 ഗാനം (ആമുഖ വാക്കുകൾ) പരിചയപ്പെടുത്തിയത് ?
  - **ദീപിക പദുക്കോൺ**
- ഓസ്കർ വേദിയിൽ നാട്ടു നാട്ടു ഗാനം പാടിയത് ?
  - **ഗായകരായ കാലഭൈരവനും രാഹുൽ സിപ്ലിഗുഞ്ജും ചേർന്ന്**
- ആർ ആർ ആർ സിനിമയിൽ നാട്ടു നാട്ടു ഗാനം ചിത്രീകരിച്ചത് ?
  - **യുക്രെൻ പ്രസിഡന്റിന്റെ കൊട്ടാരത്തിനു (മാരിൻസ്കി പാലസ്) മുന്നിൽ**
  - **സംവിധാനം: എസ്. എസ്. രാജമൗലി**
- എത്രാമത്തെ അക്കാദമി അവാർഡ് ആണ് 2023 ൽ കൊടുത്തത് ?
  - **95**
- 95-ാം ഓസ്കാർ പുരസ്കാരങ്ങളിൽ മികച്ച ചിത്രം, സംവിധായകൻ, നടി, സഹനടൻ തുടങ്ങി ഏഴ് പുരസ്കാരങ്ങൾ നേടിയ ശാസ്ത്രകഥാ ചിത്രം ?
  - **എവരിതിങ് എവ്രിവേർ ഓൾ അറ്റ് വൺസ്**

- ബ്രെൻഡർ ഫ്രെയ്സറിനെ മികച്ച നടനുള്ള അവാർഡിന് അർഹനാക്കിയ ചിത്രം ?
  - **ദ് വെയ്ൽ**
- എവരിതിങ് എവ്രിവേർ ഓൾ അറ്റ് വൺസ് എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടിക്കുള്ള പുരസ്കാരം നേടിയത് ?
  - **മിഷേൽ യോ ( മലേഷ്യൻ നടി. )**
- കെ ഹുയി ക്വാൻ, ജെയ്മി ലി കർട്ടിസ് എന്നിവർക്ക് യഥാക്രമം മികച്ച സഹനടൻ, മികച്ച സഹനടി എന്നീ അവാർഡുകൾക്ക് അർഹരാക്കിയത് ?
  - **എവരിതിങ് എവ്രിവേർ ഓൾ അറ്റ് വൺസ്**
- മികച്ച സംവിധായകനുള്ള ഓസ്കർ പുരസ്കാരം നേടിയത് ?
  - **ഡാനിയൽ ക്വാൻ, ഡാനിയൽ ഷീനെർട്ട് (ചിത്രം: എവരിതിങ് എവ്രിവേർ ഓൾ അറ്റ് വൺസ്)**
- മികച്ച മൗലിക പശ്ചാത്തലസംഗീതം, മികച്ച ഛായാഗ്രഹണം എന്നീ പുരസ്കാരങ്ങൾക്ക് അർഹമായ ചിത്രം ?
  - **ഓൾ ക്വയ്റ്റ് ഓൺ ദ വെസ്റ്റേൺ ഫ്രണ്ട്**
- മികച്ച തിരക്കഥയ്ക്കുള്ള ഓസ്കർ പുരസ്കാരം ലഭിച്ച ചിത്രം ?
  - **എവരിതിങ് എവരിവേർ ഓൾ അറ്റ് വൺസ്**
- മികച്ച അവലംബിത തിരക്കഥയ്ക്കുള്ള ഓസ്കർ പുരസ്കാരം ലഭിച്ചത് ?
  - **വിമൻ ടോക്കിങ്**
- മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള അവാർഡ് ലഭിച്ചത് ?
  - **ഓൾ ക്വയ്റ്റ് ഓൺ ദ വെസ്റ്റേൺ ഫ്രണ്ട്**
- മികച്ച ആനിമേഷൻ ചലച്ചിത്രം ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **പിനോക്കിയോ**
- അവതാർ: ദ വേ ഓഫ് വാട്ടർ ന് ഓസ്കർ ലഭിച്ചത് ഏത് മേഖലയിൽ ?
  - **മികച്ച വിഷ്വൽ ഇഫക്ട്സ്**
- മികച്ച ശബ്ദത്തിന് ഓസ്കർ അവാർഡ് ലഭിച്ചത് ഏത് ചിത്രത്തിന് ?
  - **ടോപ് ഗൺ: മാവേറിക്ക്**
- ഓസ്കർ പുരസ്കാരദാനച്ചടങ്ങിൽ പങ്കെടുക്കാനായി എത്തിയ സമാധാന നൊബേൽ(2013) സമ്മാന ജേതാവ് ?
  - **മലാല യൂസുഫ് സായി**

- ഹ്രസ്വ ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരിക്കാനുണ്ടായിരുന്ന സ്ട്രേഞ്ചർ അറ്റ് ദ ഗേറ്റ് ന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ?
  - **മലാല യൂസുഫ് സായി**
- ഡോക്യുമെന്ററി ഫീച്ചർ വിഭാഗത്തിൽ ഇന്ത്യയിൽ നിന്നുള്ള "ഓൾ ദാറ്റ് ബ്രീത്സി'നെ പിന്തള്ളി അവാർഡ് നേടിയത് ?
  - **നവൽനി**
  - **റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുതിന്റെ വിമർശകൻ അലക്സി നവൽനിയെക്കുറിച്ചുള്ള ഡോക്യുമെന്ററി.**
  - **നവൽനി സംവിധാനം ചെയ്തത് : കനേഡിയൻ സംവിധായകൻ ഡാനിയൽ റോഹെർ**

## MAR 15

- ലോക ഉപഭോക്തൃ അവകാശ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 15**
- 2023 ലെ ലോക ഉപഭോക്തൃ അവകാശ ദിനത്തിന്റെ പ്രമേയം ?
  - **Empowering consumers through clean energy transitions**
- ഈ വർഷത്തെ കോമൺവെൽത്ത് ദിനം ആചരിക്കുന്നത് ?
  - **2023 മാർച്ച് 13**
  - **എല്ലാ വർഷവും മാർച്ചിലെ രണ്ടാമത്തെ തിങ്കളാഴ്ച**
  - **പ്രമേയം - സുസ്ഥിരവും സമാധാനപരവുമായ ഒരു പൊതു ഭാവി രൂപപ്പെടുത്തുക**
- തീരമേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ തീരദേശ നിയോജക മണ്ഡലങ്ങളിലും ഫിഷറീസ് ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടി ?
  - **തീര സദസ്**
- സ്വാമി വിവേകാനന്ദന്റെ 12 അടി ഉയരമുള്ള പൂർണകായ ശിൽപം നിലവിൽ വരുന്നത് ?
  - **പെരിയ കേന്ദ്ര സർവകലാശാല**
  - **ശിൽപി - ചിത്രൻ കുഞ്ഞിമംഗലം**

- ഡിജിറ്റൽ സർവേ പൂർത്തീകരിക്കുന്ന വില്ലേജുകളിലെ ആധാരങ്ങളുടെ രജിസ്ട്രേഷനും പോക്കുവരവും വസ്തുവിന്റെ സ്കെച്ചും അവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്ന പോർട്ടൽ ?
    - **എന്റെ ഭൂമി**
- പാലക്കാട് സ്വദേശിയും പ്രശസ്ത ഗ്രാഫിക്സ് ചിത്രകാരനുമായ ആരെയാണ് കേന്ദ്ര ലളിതകലാ അക്കാദമി അധ്യക്ഷൻ ആയി നിയമിച്ചത് ?
    - **പ്രൊഫസർ വി. നാഗ്ദാസ്**
- തീ പിടിച്ച് 13-ാം ദിനം തീ പൂർണമായും അണച്ചെങ്കിലും അന്തരീക്ഷത്തിലും മണ്ണിലും വലിയ ചൂടുള്ളതിനാൽ വീണ്ടും തീ കത്താനുള്ള സാധ്യത ഉള്ളത് ?
    - **ബ്രഹ്മപുരം**
- മാർച്ച് 14ന് അന്തരിച്ച കവിയും ചിത്രകാരനുമായ വ്യക്തി ?
    - **ബിജു കാഞ്ഞങ്ങാട് (50)**
    - **അഴിച്ചുകെട്ട്, ആഴത്തിലുയരത്തിൽ, ഒച്ചയിൽ നിന്നുള്ള അകലം തുടങ്ങിയ കവിതാസമാഹാരങ്ങളും വാക്കിന്റെ വഴിയും വെളിച്ചവും, കവിത മറ്റൊരു ഭാഷയാണ് തുടങ്ങിയ പഠനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.**
    - **2005-ൽ സാഹിത്യ അക്കാദമിയുടെ ദേശീയ കവിസമ്മേളനത്തിൽ മലയാളത്തെ പ്രതിനിധാനം ചെയ്തു.**
- ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെയുള്ളവർക്ക് 'താത്കാലിക വൈകല്യം' എന്നു രേഖപ്പെടുത്തിയ സാക്ഷ്യപത്രമുണ്ടെങ്കിൽ പെൻഷൻ അനുവദിക്കാമെന്ന് പ്രസ്താവിച്ചത് ?
    - **കേരള ധനവകുപ്പ്**
- സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വൈക്കം സത്യാഗ്രഹശതാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനം വൈക്കത്ത് ആരെല്ലാം ചേർന്നാണ് നിർവ്വഹിക്കുന്നത്
    - **ഏപ്രിൽ 1 ന് , പിണറായി & സ്റ്റാലിൻ**
- ന്യൂസ് പേപ്പർ അസോസിയേഷൻ ഓഫ് ഇന്ത്യ ഏർപ്പെടുത്തിയ മികച്ച സ്കൂളിനുള്ള ദേശീയ പുരസ്കാരത്തിന് അർഹമായ കേരളത്തിലെ സ്കൂൾ ?
    - **ഡോ. ജി.ആർ. പബ്ലിക് സ്കൂൾ (ഊരുട്ടുകാല, തിരുവനന്തപുരം)**
- അടുത്തിടെ രാജ്യസഭയിൽ കോൺഗ്രസ്സിന്റെ ഉപനേതാവായി നിയമിതനായത് ?
    - **പ്രമോദ് തിവാരി**

- സ്മാർട്ട് ഫോണുകളിലെ പ്രീ ഇൻസ്റ്റാൾഡ് ആപ്ലിക്കേഷനുകളെ (ഫോൺ വാങ്ങുമ്പോൾ തന്നെയുള്ളതും നീക്കം ചെയ്യാനാകാത്തതുമായവ) നിയന്ത്രിക്കാനുമുള്ള നിയമം കൊണ്ടുവരുന്നത് ?
  - **കേന്ദ്ര സർക്കാർ**
- ഇക്കൊല്ലത്തെ അന്താരാഷ്ട്ര ബുക്കർ സമ്മാനത്തിനുള്ള ആദ്യ പട്ടികയിൽ ഇടം നേടിയ തമിഴ് സാഹിത്യകാരൻ ?
  - **പെരുമാൾ മുരുകൻ (കൃതി -പൂക്കുഴി; ഇംഗ്ലീഷ് വിവർത്തനം ചെയ്തത് - അനിരുദ്ധൻ വാസുദേവൻ- പയർ )**
- ഇന്ത്യൻ റെയിൽവേയുടെ അഭിമാനമായ വന്ദേഭാരത് എക്സ്പ്രസ് ഓടിക്കുന്ന ആദ്യ വനിതയായ, ഏഷ്യയിലെ ആദ്യ വനിതാ ലോക്കോ പൈലറ്റായ വ്യക്തി ?
  - **സുരേഖ യാദവ്**
  - **സോളാപ്പൂരിൽനിന്ന് ഛത്രപതി ശിവജി മഹാരാജ് ടെർമിനൽ വരെയാണ് സുരേഖ വന്ദേഭാരത് ഓടിച്ചത്.**
- ലോകത്തെ വായു മലിനീകരണം കൂടിയ 50 നഗരങ്ങളിൽ ഇന്ത്യയിൽ നിന്നും എത്ര ?
  - **39**
  - **രാജ്യങ്ങളിൽ ഇന്ത്യ എട്ടാം സ്ഥാനം.**
- ലോകത്തെ വായു മലിനീകരണം കൂടിയ രാജ്യം ?
  - **ചാഡ്**
  - **ഇതു വരെ ലോകത്തെ ഏറ്റവും മലിന തലസ്ഥാനം എന്ന വിശേഷണം ന്യൂഡൽഹി ക്കായിരുന്നു. ഇനി അത് ചാഡിന്റെ തലസ്ഥാനമായ ഇൻ ജമീനയ്ക്ക്.**
- 1994-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച അടുത്തിടെ അന്തരിച്ച ജാപ്പനീസ് സാഹിത്യകാരൻ ?
  - **Kenzaburo Oe (88)**
- ചൈനയിൽ 2003-ൽ പൊട്ടിപ്പുറപ്പെട്ട സാർസ് രോഗ ബാധയുടെ തീവ്രത ലോകത്തെ അറിയിച്ച പട്ടാള ഡോക്ടർ അന്തരിച്ചു. പേര്?
  - **ജിയാങ് യാൻ യോങ് (91)**
- 56 നിലയുള്ള ദുബായിലെ സപ്ത നക്ഷത്ര ഹോട്ടൽ ബുർജ് അൽ അറബിനുമുകളിലെ 27 മീറ്റർ മാത്രം നീളുന്ന ഹെലിപ്പാഡിൽ വിമാനമിറക്കിയത് ?
  - **പോളിഷ് പൈലറ്റ് ലൂക്ക് ഷെപീല**

- മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപികയുടെ 136-ാം വാർഷികവും ബിസിനസ് എക്സലൻസ് അവാർഡ് വിതരണവും നടക്കുന്നത് ?
  - **2023 മാർച്ച് 15, ന്യൂഡൽഹി**
- തെക്കുകിഴക്കൻ ആഫ്രിക്കൻ രാജ്യമായ മലാവിയിലും കനത്തനാശം വിതച്ച ഫെബ്രുവരി ആദ്യ ആഴ്ച വടക്കുപടിഞ്ഞാറൻ ഓസ്ട്രേലിയയിൽ രൂപം കൊണ്ട ചുഴലിക്കാറ്റ് ?
  - **ഫ്രെഡി ചുഴലിക്കാറ്റ്**
  - **ഫെബ്രുവരി 21-ന് മഡഗാസ്കറിലും 24-ന് മൊസാംബിക്കിലും ഇത് ആഞ്ഞുവീശി. നീണ്ടകാലമായി വീശിയടിക്കുന്ന ചുഴലിക്കാറ്റെന്ന പ്രത്യേകതയും ഫ്രെഡിക്കുണ്ട്.**
- 2023 മാർച്ച് 13 മുതൽ 14 വരെ ഇന്ത്യൻ മഹാസമുദ്രമേഖലയിൽ ഇന്ത്യ, ഓസ്ട്രേലിയ, ഫ്രാൻസ്, ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നീ നാവിക സേന നടത്തിയ ബഹുമുഖ നാവിക എക്സർസൈസ് ?
  - **ലാ പെറൂസ്**
- ഹൈജമ്പിൽ "ഫോസ്ബറി ഫ്ലോപ്പ്" എന്ന ശൈലി കൊണ്ടുവന്ന അടുത്തിടെ അന്തരിച്ച ഹൈജമ്പ് ഇതിഹാസം?
  - **ഡിക് ഫോസ്ബറി(76)**
- ദേശീയ യൂത്ത് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ 400 മീറ്റർ ഹർഡിൽസിൽ സ്വർണ്ണം നേടിയ മലയാളി ?
  - **എം. ജ്യോതിക**
- ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ ആരെല്ലാം തമ്മിൽ?
  - **എ.ടി.കെ. മോഹൻ ബഗാൻ- ബെംഗളൂരു എഫ്.സി.**
  - **മാർച്ച് 18ന്**

## MAR 16

- ദേശീയ വാക്സിനേഷൻ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 16**
- അടുത്തിടെ കേരള സർക്കാർ മത്സ്യത്തൊഴിലാളികളിലെ യുവജനങ്ങൾക്കായി ആരംഭിക്കുന്ന തൊഴിലധിഷ്ഠിത പദ്ധതി ?
  - **തൊഴിൽ തീരം**

- മധ്യപ്രദേശ് സർക്കാരിന്റെ ഏറ്റവും വലിയ പുരസ്കാരമായ അമർ ഷഹീദ് ചന്ദ്രശേഖർ ആസാദ് രാഷ്ട്രീയ സമ്മാൻ ലഭിച്ച കേരളത്തിലെ കുട്ടികളുടെ പ്രസ്ഥാനം ?
  - **ബാലഗോകുലം**
- സംസ്ഥാന ചലച്ചിത്ര അക്കാദമി 17 മുതൽ 19 വരെ ആലപ്പുഴ കൈരളി, ശ്രീ തീയറ്ററുകളിൽ സംഘടിപ്പിക്കുന്ന നാലാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേളയുടെ ഉദ്ഘാടന ചിത്രം ?
  - **ദ ബ്ളു കാഫ്താൻ**
  - **സംവിധാനം : മറിയം തൗസാനി**
  - **അറബി ഭാഷയിലുള്ള മൊറോക്കൻ ചിത്രം ആണ്..**
- അഷിത സ്മാരക സമിതിയുടെ പുരസ്കാരം ലഭിച്ചത് ?
  - **സുഭാഷ് ചന്ദ്രൻ**
  - **മലയാള ചെറുകഥാസാഹിത്യത്തിന് നൽകിയ സമഗ്രസംഭാവനയ്ക്കാണ് പുരസ്കാരം.**
  - **20000 ₹ യും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം.**
- ലേസർ ഉപയോഗിച്ചുള്ള പ്രോസ്റ്റേറ്റ് ശസ്ത്രക്രിയയിലെ നൂതനസാങ്കേതിക മുന്നേറ്റമായ 'മിലെപ്' ഇന്ത്യയിൽ ആദ്യമായി പൂർത്തീകരിച്ചത് ?
  - **റിനൈ മെഡിസിറ്റി, കൊച്ചി**
  - **മിലെപ് - മിനിമലി ഇൻവേസിവ് ലേസർ എന്യുക്ലിയേഷൻ ഓഫ് ദ പ്രോസ്റ്റേറ്റ്**
- 1960ൽ കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ നെഹ്റുവിനും ഡോ.രാജേന്ദ്രപ്രസാദിനും മുന്നിൽ കഥകളി അവതരിപ്പിച്ചിട്ടുള്ള അടുത്തിടെ അന്തരിച്ച പ്രശസ്ത കഥകളി കലാകാരി ?
  - **ചേലനാട്ട് സുഭദ്ര(83)**
- വീടുകളിൽ സൗരോർജ വൈദ്യുതി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സഹകരണ വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന പദ്ധതി ?
  - **സൗര ജ്യോതി**
- സംസ്ഥാനത്തെ അങ്കണവാടികളെ ഊർജ സ്വയം പര്യാപ്തമാക്കാൻ ആരംഭിക്കുന്ന പദ്ധതി ?
  - **അംഗൻ ജ്യോതി**

- ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിന് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി കേരള യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന തൊഴിൽ പരിശീലന പരിപാടി ?
    - **മാരിവില്ല്**
- നാവികസേനയുടെ ഭാഗമായ ഐ.എൻ.എസ്. ദ്രോണാചാര്യക്ക് രാഷ്ട്രപതിയുടെ ഉയർന്ന ബഹുമതിയായ 'നിഷാൻ' സമ്മാനിക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ രണ്ടുദിവസത്തെ കേരള സന്ദർശനത്തിന് എത്തുന്നത് ?
    - **ദ്രൗപദി മുർമു**
- ഏഷ്യയിലെ ഏറ്റവും വലിയ ടുലിപ് ഗാർഡൻ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നത് ?
    - **2023 മാർച്ച് 19, ശ്രീനഗർ**
- ഇന്ത്യയിലെ ആദ്യത്തെ ബിഹേവിയറൽ ലാബ് സ്ഥാപിക്കുന്നത് ?
    - **ജയ്പൂർ, രാജസ്ഥാൻ**
- അടുത്തിടെ LIC യുടെ മാനേജിംഗ് ഡയറക്ടർമാരായി നിയമിതരായത് ?
    - **എം. ജഗന്നാഥ്, തബ്ലേഷ് പാണ്ഡെ**
- അത്യാധുനിക മാലിന്യ നിർമാർജന പ്ലാന്റുകളുടെ പ്രവർത്തന രീതി പഠിക്കുന്നതിനായി ശുചീകരണ തൊഴിലാളികളെ സിംഗപ്പൂരിലേക്ക് അയക്കുന്ന സംസ്ഥാനം ?
    - **കർണാടക**
- ഇന്തോ - പസഫിക് മേഖലയിലെ ചൈനയുടെ സ്വാധീനം തടയാൻ വേണ്ടി ഉണ്ടാക്കിയ സുരക്ഷ ഉടമ്പടി ?
    - **ഔകസ്(AUKUS - Australia,UK,USa)**
- ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയാകുന്നത് ?
    - **എറിക് ഗാർസേട്ടി**
- അടുത്തിടെ ന്യൂജേഴ്സിയിലെ റട്ജേഴ്സ് സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തിയ ഭൂമിയിലെ ജീവന്റെ ഉത്ഭവത്തിന് കാരണമായതെന്ന് കരുതുന്ന പെപ്റ്റൈഡ് ?
    - **നിക്കൽബാക്ക്**
- ICC ടെസ്റ്റ് ബൗളർമാരുടെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നിലനിർത്തിയ ഇന്ത്യൻ താരം ?
    - **R. അശ്വിൻ (2. ജെയിംസ് ആൻഡേഴ്സൺ )**
- ഓൾറൗണ്ടർമാരുടെ പട്ടികയിൽ 1,2,4 സ്ഥാനത്ത് ഉള്ള ഇന്ത്യൻ താരങ്ങൾ യഥാക്രമം ?
    - **ജഡേജ, R. അശ്വിൻ, അക്സർ പട്ടേൽ**

- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ തങ്ങളുടെ കന്നി ജയം നേടിയത് ?
  - **ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്**
- വനിതാ പ്രീമിയർ ലീഗിൽ വിക്കറ്റ് നേടുന്ന ആദ്യ മലയാളി താരം ?
  - **ആശ ശോഭന**
  - **(ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്)**
  - **യുപി വാരിയേർസ് നെതിരെ 2 വിക്കറ്റുകൾ നേടി.**
- ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിന് തുടക്കമായി. ഇന്ത്യ എത്രാം തവണയാണ് ചാമ്പ്യൻഷിപ്പിന് ആതിഥ്യം വഹിക്കുന്നത് ?
  - **മൂന്നാം തവണ**

## MAR 17

- ഗുണനിലവാരമുള്ള ഉറക്കത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി എല്ലാ വർഷവും മാർച്ച് വിഷുവത്തിനു മുമ്പുള്ള വെള്ളിയാഴ്ച ലോക ഉറക്ക ദിനം ആചരിക്കുന്നു. ഈ വർഷത്തെ ലോക ഉറക്ക ദിനം എന്നാണ് ?
  - **മാർച്ച് 17**
- അടുത്തിടെ ഇന്ത്യയുമായി ഡിജിറ്റൽ കറൻസി ഇടപാടിൽ സഹകരിക്കാൻ തീരുമാനിച്ച രാജ്യം ?
  - **UAE**
- ഗർഭസ്ഥ ശിശുവിന് ഹൃദയശസ്ത്രക്രിയ വിജയകരമായി നടത്തി എന്ന അപൂർവ്വ നേട്ടം സ്വന്തമാക്കിയത് ?
  - **എയിംസ്, ഡൽഹി**
- 2023-ലെ കേന്ദ്ര ബാങ്കിംഗ് അവാർഡിൽ 'ഗവർണർ ഓഫ് ദ ഇയർ' ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ശക്തികാന്ത ദാസ്**
- 32-ാമത് വ്യാസ സമ്മാൻ ന് പ്രശസ്ത ഹിന്ദി എഴുത്തുകാരൻ ഡോ. ഗ്യാൻ ചതുർവേദിയെ അർഹനാക്കിയ ആക്ഷേപഹാസ്യ നോവൽ ?
  - **പഗൽഖാന**
- Survya Vamsam എന്ന തമിഴ് പുസ്തകത്തിന് 2022-ലെ സരസ്വതി സമ്മാൻ നൽകി ആദരിക്കും. രചയിതാവ് ആര് ?
  - **ശിവശങ്കരി**

- ഷീ ചേഞ്ച്സ് ക്ലൈമറ്റിന്റെ ഇന്ത്യൻ അംബാസഡറായി നിയമിതയായ കാലാവസ്ഥാ സംരംഭക ?
  - **ശ്രേയ ഘോദാവത്**
- 2026 ഓഗസ്റ്റിൽ ഇന്ത്യയുടെ ബുള്ളറ്റ് ട്രെയിൻ സർവീസ് ആരംഭിക്കുമെന്ന് പ്രസ്താവിച്ചത്
  - **റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്**
- അടുത്തിടെ ഇന്ത്യയിലെ ആദ്യ ബിരിയാണി എ.ടി.എം. സ്ഥാപിതമായത് ?
  - **ചെന്നൈ**
- 2023 മാർച്ചിലെ കണക്കുകൾ പ്രകാരം ലോകത്തിൽ ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യം ?
  - **ഇന്ത്യ**
- ബഹിരാകാശ ടൂറിസം സാധ്യമാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യയിൽ സ്പെയ്സ് ടൂർ 2030 മുതൽ ആരംഭിക്കുമെന്നും ഒരുയാത്രക്കാരന് ആറുകോടി ₹യായിരിക്കും ടിക്കറ്റ് നിരക്ക് എന്നും പ്രസ്താവിച്ചത് ?
  - **എസ്. സോമനാഥ് (ISRO)**
- കടലിനടിയിൽ CO2 ഇറക്കുമതി ചെയ്യുകയും സംസ്കരിക്കുകയും ചെയ്യുന്ന ആദ്യ രാജ്യമായത് ?
  - **ഡെൻമാർക്ക്**
- റഷ്യയുടെ സുഖോയ് യുദ്ധവിമാനം യുഎസ് വ്യോമസേനയുടെ നിരീക്ഷണ ഡ്രോണുമായി കൂട്ടിയിടിച്ച് തകർന്ന വീഡിയോ പുറത്തുവിട്ടത് ?
  - **പെന്റഗൺ**
- പ്രശസ്ത ബ്രിട്ടീഷ് എഴുത്തുകാനും ചരിത്രാന്വേ ഷിയും പണ്ഡിതനുമായ വ്യക്തി അർബുദബാധയെത്തുടർന്ന് അന്തരിച്ചു. പേര് ?
  - **പാട്രിക് ഫ്രെഞ്ച്(56)**
  - **വി.എസ്. നയ്പാളിന്റെ ജീവിതകഥ പറയുന്ന "ദ വേൾഡ് ഈസ് വാട്ട് ഇറ്റ് ഈസ് ഏറെ ശ്രദ്ധിക്കപ്പെട്ട ഇദ്ദേഹത്തിന്റെ പുസ്തകം.**
- അരുണാചൽ പ്രദേശിൽ ഇന്ത്യയും ചൈനയും തമ്മിലുള്ള രാജ്യാന്തര അതിർത്തിയായ മക്മഹോൻ രേഖ അംഗീകരിച്ച് പ്രമേയം കൊണ്ടുവന്നത് ?
  - **യുഎസ്**
- TCS MD& CEO പദവിയിൽ നിന്ന് രാജിവെച്ച മലയാളി ?
  - **രാജേഷ് ഗോപിനാഥൻ**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- യു.കെ. ആസ്ഥാനമായ വാർത്താവിനിമയ കമ്പനിയായ വൺവെബിന്റെ 36 ഉപഗ്രഹങ്ങൾ ISRO യിൽ നിന്ന് വിക്ഷേപണത്തിന് ഒരുങ്ങുന്നത് ?
  - **മാർച്ച് 26, 2023**
  - **മാർക്ക് 3 റോക്കറ്റാണ് ഇവയെ ലക്ഷ്യത്തിൽ എത്തിക്കുക.**
- കരസേനയുടെ ചീറ്റാ ഹെലികോപ്റ്റർ അരുണാചലിൽ തകർന്നു വീണ് രണ്ടു പൈലറ്റുമാർ മരിച്ചു. പേര് ?
  - **ലെഫ്. കേണൽ വി.വി.ബി. റെഡ്ഡിയും മേജർ എ. ജയന്തും**
- ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീയണയ്ക്കുന്നതിനായി സംസ്ഥാന അഗ്നിരക്ഷാ സേന നടത്തിയ ദൗത്യം?
  - **മിഷൻ സേഫ് ബ്രത്ത്**
- സാംസ്കാരികവകുപ്പിനു കീഴിലുള്ള തകഴി സ്മാരക സമിതി ഏർപ്പെടുത്തിയ ഇക്കൊല്ലത്തെ തകഴി പുരസ്ക്കാരം ലഭിച്ചത്?
  - **എം. മുകുന്ദൻ**
  - **സമഗ്ര സംഭാവനയ്ക്ക്. അരലക്ഷം ₹യും പ്രശസ്തിപത്രവും ഏപ്രിൽ 17ന് നൽകും.**
- സി.ഡി.എസ്. ഭരണസമിതി അംഗങ്ങളായ അഞ്ചുലക്ഷം വനിതകൾ ചേർന്ന് കുടുംബശ്രീയുടെ ചരിത്രം എഴുതുന്നത് ഏത് പേരിൽ, ഇതിന്റെ ലോഗോ അനാച്ഛാദനം ചെയ്യുന്നത് ആര് ??
  - **രചന**
  - **രാഷ്ട്രപതി ദ്രൗപദി മുർമു**
- വിരമിച്ച ശേഷം യൂറോപ്യൻ ചാമ്പ്യൻഷിപ്പ് യോഗ്യതാ മത്സരങ്ങളിലേക്ക് സ്വീഡൻ തിരിച്ചു വിളിച്ചത് ?
  - **സ്ലാട്ടൻ ഇബ്രാഹിമോവിച്ച് (41)**
- ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഡൽഹി ക്യാപിറ്റൽസിനെ നയിക്കുന്നത് ?
  - **ഡേവിഡ് വാർണർ**
  - **വൈസ് ക്യാപ്റ്റൻ - അക്സർ പട്ടേൽ**
- ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ വനിതാ ഡബിൾസിൽ ക്വാർട്ടറിൽ കടന്നത് ?
  - **ട്രീസ ജോളി-ഗായത്രി ഗോപീചന്ദ് സഖ്യം**
- ഫിഫയെ നയിക്കാൻ മൂന്നാമതും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ജിയാനി ഇൻഫന്റിനോ**

- പ്രോ ഹോക്കി ലീഗിലെ തുടർജയങ്ങളോടെ ഇന്ത്യൻ ഹോക്കി ടീം റാങ്ക് ?
  - **4 ( 1. Netherlands 2. Belgium 3. Germany 4. India 5. Australia )**

## MAR 18

- ഓർഡിനൻസ് ഫാക്ടറി ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 18**
- മാർച്ച് 17 ലോക ഉറക്ക ദിനത്തിന്റെ പ്രമേയം ?
  - **ഉറക്കം ആരോഗ്യത്തിന് ആവശ്യം**
- ടാറ്റ കൺസൽട്ടൻസി സർവീസസ്(TCS) എംഡിയും സിഇഒയും ആയി നിയമിച്ചത് ആരെയാണ് ?
  - **കെ. കൃതിവാസൻ**
- ICICI പ്രുഡൻഷ്യൽ ലൈഫിന്റെ തലവനായി 2023 ജൂണിൽ സ്ഥാനമേൽക്കുന്നത് ?
  - **അനൂപ് ബാഗ്ചി**
- ഇന്ത്യയിലെ ആദ്യത്തെ ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ യാത്ര ആരംഭിച്ചത് ?
  - **സെക്കന്തരാബാദ് റെയിൽവേ സ്റ്റേഷൻ**
- ഇലക്ട്രോണിക് ഉൽപ്പന്നങ്ങളടക്കമുള്ളവ റിപ്പയർ ചെയ്യുന്നതിനുള്ള അവകാശം സംരക്ഷിക്കുന്നതിനായി അടുത്തിടെ നിലവിൽ വന്ന കേന്ദ്രീകൃത പോർട്ടൽ ?
  - **റൈറ്റ് ടു റിപ്പയർ**
- സാമ്പത്തികമാന്ദ്യം മുന്നിൽക്കണ്ടുള്ള ചെലവുചുരുക്കലിന്റെ ഭാഗമായി സ്മാർട്ട് ഗ്ലാസിന്റെ വിൽപ്പന നിർത്തിയത് ?
  - **ഗൂഗിൾ**
- യുക്രൈൻ യുദ്ധത്തിനിടെ നിയമവിരുദ്ധമായി കുട്ടികളടക്കമുള്ളവരെ നാടുകടത്തിയെന്ന കുറ്റത്തിന് അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റുവാറന്റ് പുറപ്പെടുവിച്ചത് ?
  - **വ്ലാദിമിർ പുതിൻ**
- അമേരിക്കയുടെ ഏത് ഡ്രോൺ ഇടിച്ചു വീഴ്ത്തിയതിനാണ് സുഖോയ്- 27 യുദ്ധവിമാന പൈലറ്റുമാർക്ക് റഷ്യൻ പ്രതിരോധമന്ത്രാലയത്തിന്റെ പുരസ്ക്കാരം ലഭിച്ചത് ?
  - **എം. ക്യു.-9 റീപ്പർ ഡ്രോൺ**
- യു.എസ്. വ്യോമസേനാ പ്രതിരോധ അസിസ്റ്റന്റ് സെക്രട്ടറി ആയി നിയമിതനായ ഇന്ത്യൻ വംശജൻ ?
  - **രവി ചൗധരി**

- താജിക്കിസ്ഥാനിലെ യുഎൻ റെസിഡന്റ് കോർഡിനേറ്ററായി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് നിയമിച്ച ഇന്ത്യക്കാരൻ ?
  - **കാവിൽമാടം രാമസ്വാമി പാർവതി**
- പുകവലി കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾക്കുള്ള ഹെൽത്തി സിറ്റി അവാർഡ് ലഭിച്ച ഇന്ത്യൻ നഗരം ?
  - **ബെംഗളൂരു**
- നോർവേയിലുള്ള സാംസ്കിപ്പ് ഗ്രൂപ്പിൽനിന്ന് രണ്ട് കാർബൺരഹിത കണ്ടെയ്നർ കപ്പൽ രൂപകൽപ്പന ചെയ്യാനും നിർമിക്കാനുമുള്ള ഓർഡർ ലഭിച്ചത് ?
  - **കൊച്ചി കപ്പൽശാലയ്ക്ക്**
  - **550 കോടി ₹ യാണ് പദ്ധതിച്ചെലവ്.**
- മാതൃഭൂമിയുടെ ഒരു വർഷം നീണ്ട ശതാബ്ദി ആഘോഷത്തിന്റെ സമാപനം ?
  - **2023 മാർച്ച് 18**
- ഗ്ലോബൽ കോൺഫറൻസ് റിന്യൂവബിൾ എനർജി ഹൈഡ്രജൻ ടെക്നോളജീസിന്റെ ഗ്ലോബൽ സസ്റ്റെയ്നബിൾ ഡെവലപ്മെന്റ് അവാർഡ് ലഭിച്ച കേരളത്തിലെ സ്ഥാപനം ?
  - **കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)**
- മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി കേരള സഹകരണ വകുപ്പ് പുറത്തിറക്കിയ മൊബൈൽ ആപ്പ് ?
  - **ഇ-നാട്**
- 2023 മാർച്ചിൽ മോഹനം ഗുരുസന്നിധി സംഗീത പുരസ്കാരത്തിന് അർഹനായ മൃദംഗ വിദ്വാൻ ?
  - **വൈക്കം വേണുഗോപാൽ**
- ഹീമോഫീലിയ, അരിവാൾ രോഗം, തലാസീമിയ തുടങ്ങിയ രക്തജന്യ രോഗങ്ങളുടെ സമഗ്ര ചികിത്സ ഉറപ്പാക്കുന്നതിന് ഉള്ള പദ്ധതി ?
  - **ആശാധാര**
- 3 മിനിറ്റിൽ ഹാട്രിക് നേടി ക്ലബ്ബ് ഫുട്ബോളിൽ അപൂർവ്വ റെക്കോഡ് കുറിച്ച് നൈജീരിയൻ താരം ?
  - **ഗിഫ്റ്റ് ഒർബാൻ**
- വീര എന്ന ചീറ്റപ്പുലി ഏത് കായികമേളയുടെ ഭാഗ്യചിഹ്നം ആണ് ?
  - **ലോക വനിത ബോക്സിങ് ചാമ്പ്യൻഷിപ്പ്**

- 2026 ലെ ലോകകപ്പ് ഫുട്ബോൾ മൽസരം കളിക്കാൻ എത്ര രാജ്യങ്ങൾക്കാണ് ഫിഫ അംഗീകാരം നൽകിയത് ?
    - **48**
- ഇന്ത്യൻ സൂപ്പർ ലീഗ് ട്രോഫി ഫുട്ബോളിന്റെ ഒമ്പതാം സീസണിന്റെ ഫൈനൽ നടക്കുന്നത് ?
    - **2023 മാർച്ച് 18**
    - **ATK Mohun Bagan v/s Bengaluru FC**
    - **ഇത് അഞ്ചാം തവണയാണ് എ.ടി.കെ. ഫൈനലിലെത്തുന്നത്.**
    - **ഏറ്റവുമധികം കിരീടം(3) നേടിയ ടീമും എ.ടി.കെ തന്നെ.**
- ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീം മുൻ നായകനും വിക്കറ്റ് കീപ്പർ ബാറ്ററുമായ വ്യക്തി വിരമിക്കൽ പ്രഖ്യാപിച്ചു. പേര് ?
    - **ടിം പെയ്ൻ**
- ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ വനിത ഡബിൾസിൽ തുടർച്ചയായ രണ്ടാം തവണയും സെമിഫൈനലിൽ കടന്ന ഇന്ത്യൻ സഖ്യം ?
    - **ട്രീസാ ജോളി- ഗായത്രി ഗോപീചന്ദ് സഖ്യം**
    - **ക്വാർട്ടർ ഫൈനലിൽ ചൈനയുടെ ലീ വെൻ മെയ് - ലിയു സുവാൻ സുവാൻ സഖ്യത്തെ തോൽപ്പിച്ചു.**

## MAR 19

- യുനെസ്കോയുടെ പങ്കാളിത്തത്തോടെ കേന്ദ്ര സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ദ വാട്ടർ ഡൈജസ്റ്റ് എന്ന സംഘടന നൽകുന്ന ദേശീയ ജല അവാർഡ് നേടിയ കേരളത്തിൽ നിന്നുള്ള സംഘടന ?
    - **എവരി ഡ്രോപ്പ് കൗണ്ട്സ് ഫൗണ്ടേഷൻ - പാലോട്**
- അടുത്തിടെ യുവകലാ സാഹിതി വയലാർ രാമവർമ്മ കവിതാ പുരസ്കാരം നേടിയത് ?
    - **മാധവൻ പുറച്ചേരി (കാവ്യ സമാഹാരം:: ഉച്ചിര)**
- ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലുണ്ടായ തീപ്പിടിത്തത്തിൽ കൊച്ചി കോർപ്പറേഷന് 100 കോടി ₹ പിഴയിട്ടത് ?
    - **ദേശീയ ഹരിത ട്രിബ്യൂണൽ**
- സംസ്ഥാന ആരോഗ്യവകുപ്പിന്റെ കായകൽപ പുരസ്കാരം ജില്ലാ ആശുപ്രതി വിഭാഗത്തിൽ ലഭിച്ചത് ?
    - **കോഴിക്കോട് ജനറൽ ആശുപത്രി(50ലക്ഷം ₹)**

- ഓസ്ട്രേലിയൻ സർക്കാരിനു കീഴിലുള്ള സെന്റർ ഫോർ ഓസ്ട്രേലിയ - ഇന്ത്യ റിലേഷൻസിന്റെ പ്രഥമ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായി നിയമിതയായ മലയാളി ?
  - **ടിം തോമസ്**
- പൊതു മേഖലാ എണ്ണക്കമ്പനിയായ BPCLന്റെ (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) പുതിയ ചെയർമാനായി നിയമിതയായത് ?
  - **ജി. കൃഷ്ണകുമാർ**
  - **2025 ഏപ്രിൽ വരെ കാലാവധിയുണ്ട്**.
- 2023 മാർച്ചിൽ സർക്കാർ ബസ്സുകളിൽ വനിതകൾക്ക് സൗജന്യ യാത്ര അനുവദിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **തമിഴ്നാട്**
- മേഘാലയ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ആരംഭിച്ചത് ?
  - **ഷില്ലോങ്ങിൽ**
- പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ ഓൺലൈൻ ട്രാക്കിംഗും ഡിജിറ്റൽ തത്സമയ നിരീക്ഷണ സംവിധാനവും ചേർന്ന ബാൽ സ്വരാജ് പോർട്ടൽ അവതരിപ്പിച്ചത് ?
  - **കേന്ദ്ര വനിതാ ശിശുവികസന മന്ത്രി**
- ഐ.എസ്.ആർ.ഒയുടെ ഗഗൻയാൻ പദ്ധതിയുടെ ആദ്യ പരീക്ഷണ ദൗത്യത്തിന് നൽകപ്പെട്ടിരിക്കുന്ന പേര് ?
  - **ടി.വി.ഡി. - 1**
- ചൈന, ഇറാൻ എന്നിവയുമായുള്ള റഷ്യയുടെ സംയുക്ത നാവിക അഭ്യാസം ?
  - **മറൈൻ സെക്യൂരിറ്റി ബെൽറ്റ് 2023**
- പുതിയ നിരീക്ഷണം അനുസരിച്ച് ഏത് ജീവിയിൽ നിന്നാണ് കോവിഡ് വൈറസ് മനുഷ്യനിലേക്കെത്തിയതായി പറയുന്നത് ?
  - **റാക്കൂൺ**
  - **കോവിഡ് വൈറസ് ബാധ ആദ്യം സ്ഥിരീകരിച്ച ചൈനയിലെ വുഹാനുസമീപത്തെ മാർക്കറ്റിലെ റാക്കൂണുകളിൽ നിന്ന് 2020-ൽ ശേഖരിച്ച ഡി .എൻ.എ.യാണ് പഠനത്തിനുപയോഗിച്ചത്.**
- ഹൃദയസംബന്ധമായ പ്രശ്നങ്ങൾ കാരണം ഫുട്ബോളിൽനിന്ന് വിരമിച്ച മുൻ ലിവർപൂൾ താരം ?
  - **ലൂക്കാസ് ലീവ**

- ഷൂട്ടൗട്ടിൽ ബെംഗളൂരു എഫ് സി യെ തോല്പിച്ച് (4-3) ആദ്യ കിരീടം നേടിയ ISL ടീം ?
  - **എ.ടി.കെ. മോഹൻ ബഗാൻ**
  - **നിശ്ചിത സമയത്തും അധിക സമയത്തും കളി സമനിലയായി.എ.ടി.കെ യ്ക്കായി ദിമിത്രി പെട്രാറ്റോസ് ഇരട്ട ഗോളടിച്ചു. ബെംഗളൂരുവിനുവേണ്ടി സുനിൽ ഛേത്രി, റോയ് കൃഷ്ണ എന്നിവരാണ് ലക്ഷ്യം കണ്ടത്.**
  - **എ.ടി.കെ. മോഹൻ ബഗാൻ ആയതിന് ശേഷം ക്ലബ്ബ് നേടുന്ന ആദ്യ കിരീടമാണ്.**
- ISL കളിയിലെ താരം ആയത്?
  - **ദിമിത്രി പെട്രാറ്റോസ്**
- ഗോൾഡൻ ഗ്ലൗവ് നേടിയ വിശാൽ കെയ്ത്ത് ഏത് ടീമിന്റെ താരമാണ് ?
  - **എ.ടി.കെ. മോഹൻ ബഗാൻ**
- ഗോൾഡൻ ബൂട്ട് നേടിയത് ?
  - **ഡിഗോ മൗറീഷ്യോ (ഒഡിഷ എഫ്.സി.)**
- മികച്ച മൈതാനമായി തിരഞ്ഞെടുത്തത് ?
  - **കൊച്ചി (കേരള ബ്ലാസ്റ്റേഴ്സ്)**
- ഗോൾഡൻ ബോൾ നേടിയത് ?
  - **ലലിൻസുവാല ചാങ്തെ**
- എമർജിങ് താരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ശിവശക്തി നാരായണൻ (ബെംഗളൂരു എഫ്.സി.)**
- ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ വനിതാ ഡബിൾസിൽ കൊറിയൻ താരങ്ങളായ ബിയേക് നാ ഹാ-ലീ സോ ഹീ സഖ്യത്തോട് പരാജയപ്പെട്ടത് ?
  - **ട്രീസ ജോളി-ഗായത്രി ഗോപീചന്ദ് സഖ്യം**

## MAR 20

- ലോക ഓറൽ ഹെൽത്ത് (വദന ആരോഗ്യ ) ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 20**
- 2021 മുതൽ 2023 വരെ ലോക ഓറൽ ഹെൽത്ത് ദിനത്തിനായി വേൾഡ് ഡെന്റൽ ഫെഡറേഷൻ തീരുമാനിച്ച പ്രമേയം ?
  - **Be Proud of Your Mouth**
- അന്താരാഷ്ട്ര സന്തോഷ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 20**

- ഈ വർഷത്തെ അന്താരാഷ്ട്ര സന്തോഷ ദിനത്തിന്റെ പ്രമേയം ?
  - **Be Mindful..Be Grateful..Be Kind..**
- ലോക അങ്ങാടിക്കുരുവി ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 20**
- തുണിവ്യവസായ മേഖലയിലെ ഫാക്ടറികളിൽനിന്ന് ജലാശയങ്ങളിലേക്ക് ഒഴുകുന്ന അപകടകരമായ ഓർഗാനിക് ഡൈ തന്മാത്രകളെ ഇല്ലാതാക്കാനുള്ള എൻസൈമിനെ കണ്ടെത്തിയത് ?
  - **കൊൽക്കത്തയിലെ എസ്.എൻ. ബോസ് നാഷണൽ സെന്റർ ഫോർ ബേസിക് സയൻസസിലെ പ്രൊഫ. രഞ്ജിത് ബിശ്വാസിന്റെ യും ഡോ. സുമൻ ചക്രബർത്തിയുടെയും സംയുക്ത സംഘം**
  - **ഒരുകൂട്ടം ഫംഗസുകൾ ഉത്പാദിപ്പിക്കുന്ന ലാക്കേസ് എന്ന എൻസൈമിനാണ് ഓർഗാനിക് ഡൈ തന്മാത്രകളെ നശിപ്പിക്കുന്നതിനുള്ള കഴിവുണ്ടെന്ന് തിരിച്ചറിഞ്ഞത്.**
- H3N2 വൈറസ് ബാധിച്ച് മൂന്നു പേർ കൂടി മരിച്ചത് ?
  - **മഹാരാഷ്ട്ര**
- മഹാരാഷ്ട്രയിലെ ആരോഗ്യ മന്ത്രി ?
  - **തനാജി സാവന്ത്**
- കൽക്കരിയിൽനിന്ന് പി.വി.സി. നിർമിക്കാനുള്ള ഏത് പ്ലാന്റിന്റെ പ്രവർത്തനങ്ങളാണ് ഹിൻഡൻബർഗ് വെളിപ്പെടുത്തൽ മൂലമുള്ള പ്രതിസന്ധിയെ തുടർന്ന് അദാനി ഗ്രൂപ്പ് നിർത്തിവെച്ചത് ?
  - **പെട്രോകെമിക്കൽ പ്ലാന്റ്, കച്ഛ്,മുന്ദ്ര, ഗുജറാത്ത്**
- ഇന്ത്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളുടെ സംയുക്ത സൈനികാഭ്യാസമായ ബോൾഡ് കുരുക്ഷേത്രയുടെ 13-ാം പതിപ്പിന്റെ വേദി?
  - **ജോധ്പൂർ**
- അടുത്തിടെ ലോകത്തിലെ ഏറ്റവും മികച്ച വിമാനത്താവളം എന്ന പദവി നേടിയത് ?
  - **ചാംഗി എയർപോർട്ട് (സിംഗപ്പൂർ)**
- സെപ്റ്റംബറിൽ യുക്രൈനിൽനിന്ന് റഷ്യ നിയമവിരുദ്ധമായി കൂട്ടിച്ചേർത്ത നാല് പ്രവിശ്യകളിലൊന്നായ മരിയൊപോൾ അടുത്തിടെ സന്ദർശിച്ചത് ?
  - **വ്ലാദിമിർ പുതിൻ**

- ജീവന് ഭീഷണിയാവുന്ന കാലാവസ്ഥാദുരന്തങ്ങൾ, ഭീകരാക്രമണം, കാട്ടുതീ, വെള്ളപ്പൊക്കം തുടങ്ങിയവ സംബന്ധിച്ചുള്ള മുന്നറിയിപ്പ് ബ്രോഡ്കാസ്റ്റിങ് സാങ്കേതികവിദ്യ വഴി മൊബൈൽ ഫോണുകളിൽ ലഭിക്കുന്ന ഏകീകൃത പൊതുമുന്നറിയിപ്പ് സംവിധാനം ആരംഭിക്കുന്ന രാജ്യം ?
    - **ബ്രിട്ടൺ (2023ഏപ്രിൽ 23 ന് ആരംഭിക്കും.)**
- ഇന്ത്യ-ബംഗ്ലാദേശ് സൗഹൃദ എണ്ണ പൈപ് ലൈൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം ഉദ്ഘാടനം ചെയ്തത് ?
    - **ബംഗ്ലാദേശ് പ്രധാനമന്ത്രി ശൈഖ് ഹസീന**
    - **ഇന്ത്യയിലെ സിലിഗുഡി ആസ്ഥാനമായുള്ള നുമാരിഗഡ് റിഫൈനറി ലിമിറ്റഡിന്റെ മാർക്കറ്റിങ് ടെർമിനൽ മുതൽ ബംഗ്ലാദേശ് പെട്രോളിയം കോർപ്പറേഷന്റെ (ബി.പി.സി.) പാർബതിപുർ ഡിപ്പോ വരെയാണ് പൈപ്പ് ലൈൻ.**
- 73-ാമത് ഫിഫ കോൺഗ്രസ്സിന് വേദിയായത് ?
    - **കിഗാലി (റുവാണ്ട)**
- ഹോക്കി ഇന്ത്യയുടെ മികച്ച താരങ്ങൾക്കുള്ള പുരസ്കാരത്തിന് അർഹരായവർ ?
    - **ഹാർദിക് സിങ്, സവിത പൂനിയ**
- ഇറ്റാലിയൻ സീരി എ ഫുട്ബോളിൽ ഗോൾ നേടുന്ന പ്രായം കൂടിയ താരമായ എ.സി. മിലാന്റെ താരം ?
    - **സ്ലാട്ടൻ ഇബ്രാഹിമോവിച്ച് (41 വയസ്)**
- ഇന്ത്യൻ വെൽസ് ഓപ്പണിൽ കിരീടമുയർത്തിയതോടെ എ.ടി.പി. മാസ്റ്റേഴ്സ് 1000 വിഭാഗത്തിൽ ചാമ്പ്യനാകുന്ന പ്രായം കൂടിയ താരമായത് ?
    - **രോഹൻ ബൊപ്പണ്ണ (43 വയസ്)**
- വിശാഖപട്ടണത്ത് നടന്ന ഇന്ത്യ- ഓസ്ട്രേലിയ രണ്ടാം ഏകദിനത്തിൽ 10 വിക്കറ്റിന് ജയിച്ചത് ?
    - **ഓസ്ട്രേലിയ**
- ഇന്ത്യ - ഓസ്ട്രേലിയ രണ്ടാം ഏകദിനത്തിൽ 5 വിക്കറ്റ് നേട്ടം കൈവരിച്ചത് ?
    - **മിച്ചൽ സ്റ്റാർക്ക്**
    - **മിച്ചൽ മാർഷ് (66), ട്രാവിസ് ഹെഡ്(51) അർധസെഞ്ചുറി നേടി.**
- മദ്രാസ് മ്യൂസിക് അക്കാദമി യുടെ സംഗീത കലാനിധി പുരസ്കാരം ലഭിച്ചത് ?
    - **ബോംബെ ജയശ്രീ**

- നൃത്ത കലാനിധി പുരസ്കാരം ലഭിച്ച ഭരതനാട്യം, കുച്ചിപ്പുടി നർത്തകി ആര്?
  - **വസന്തലക്ഷ്മി നരസിംഹാചാരി**
- സംഗീതകലാചാര്യ പുരസ്കാരത്തിന് അർഹരായവർ ?
  - **സംഗീതജ്ഞ പാൽക്കുളങ്ങര അംബികാദേവിയും മൃദംഗവാദകൻ കെ.എസ്. കാളിദാസും**
- രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം നിർവ്വഹിച്ച പട്ടികവിഭാഗക്കാരുടെ സമഗ്ര വികാസത്തിനായി കേരള സർക്കാർ അവതരിപ്പിച്ച പദ്ധതി ?
  - **ഉന്നതി**
- കേരള പോലീസിന്റെ സഹകരണത്തോടെ നാഷനൽ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ആന്റി കറപ്ഷൻ ഫോഴ്സ് നിർമിച്ച ഹ്രസ്വ ചിത്രം ?
  - **കുട്ടി യോദ്ധാവ് (സംവിധാനം : കലന്തൻ ബഷീർ)**

## MAR 21

- 2023 ലെ ലോക അങ്ങാടിക്കുരുവി ദിനത്തിന്റെ (20 മാർച്ച്) പ്രമേയം ?
  - **I Love Sparrows**
- വേൾഡ് ഡൗൺ സിൻഡ്രോം ദിനം ആചരിക്കുന്നത് എന്ന്, ഈ വർഷത്തെ പ്രമേയം ??
  - **മാർച്ച് 21, With Us Not For Us**
- ലോക വനദിനം ആചരിക്കുന്നത് എന്ന്, ഈ വർഷത്തെ പ്രമേയം ??
  - **മാർച്ച് 21, Forests and Health**
- ഇന്ത്യയിൽ ആദ്യമായി മെഥനോളിൽ ഓടുന്ന ബസ് സർവീസ് ആരംഭിച്ച നഗരം ?
  - **ബെംഗളൂരു**
- RBI യുടെ നിർദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് RBI 2.3 കോടി ₹ പിഴയിട്ടത് ?
  - **RBL ബാങ്ക്**
- ഏറ്റവും വേഗത്തിൽ പാക്ക് കടലിടുക്ക് നീന്തിക്കടന്ന പൂനെ സ്വദേശിയായ നീന്തൽ താരം ?
  - **സമ്പന്ന രമേഷ് ഷെലാർ**
  - **അഞ്ചര മണിക്കൂർ കൊണ്ട് ശ്രീലങ്കയിലെ തലൈമന്നാർ മുതൽ തമിഴ്നാട്ടിലെ ധനുഷ്കോടി വരെ നീന്തിക്കടന്നു.**
- അടുത്തിടെ 19 പുതിയ ജില്ലകൾ രൂപീകരിച്ചതോടെ രാജസ്ഥാൻ ലെ ആകെ ജില്ലകൾ ?
  - **50**

- രാജ്യത്ത് കോവിഡ് വർധിക്കുന്ന സാഹചര്യത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കണമെന്ന് മാർഗനിർദേശം പുറത്തുവിട്ടത് ?
  - **ICMR**
- ആഗോള ഭീകരവാദ സൂചികയിൽ ഒന്നാം സ്ഥാനത്ത് ഉള്ള രാജ്യം ?
  - **അഫ്ഗാനിസ്ഥാൻ**
  - **(2.ബുർക്കിന ഫാസോ, 3.സൊമാലിയ, 4.മാലി, 5.സിറിയ,6.പാകിസ്ഥാൻ,..13. ഇന്ത്യ)**
- 10 ദിവസത്തെ ആഫ്രിക്ക-ഇന്ത്യ ഫീൽഡ് ട്രെയിനിംഗ് എക്സർസൈസ് ആയ AFINDEX-23 നടക്കുന്നത് ?
  - **പൂനെ, മാർച്ച് 21-30**
- ടൈം മാഗസിന്റെ 2023-ലെ ലോകത്തിലെ ഏറ്റവും മികച്ച 50 സ്ഥലങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽ നിന്നു ഇടം നേടിയത് ?
  - **ലഡാക്ക് & മയൂർഭഞ്ച്**
- ഇൻസ്റ്റാഗ്രാമിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സ് ഉള്ള വനിത ?
  - **സെലീന ഗോമസ് (400മില്യൺ) , അമേരിക്കൻ ഗായിക**
- വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് പ്രകാരം തുടർച്ചയായ ആറാം വർഷവും ഏറ്റവും സന്തോഷമുള്ള രാജ്യമായത് ?
  - **ഫിൻലൻഡ്**
  - **ഡെൻമാർക്ക്, ഐസ്ലൻഡ്, ഇസ്രായേൽ, നെതർലൻഡ്സ്, സ്വീഡൻ, നോർവേ, സ്വിറ്റ്സർലൻഡ്, ലക്സംബർഗ്, ന്യൂസിലാൻഡ് എന്നിവയാണ് 2-10 വരെ സ്ഥാനങ്ങളിൽ.**
- വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ സ്ഥാനം ?
  - **126 ( അഫ്ഗാനിസ്ഥാൻ ആണ് അവസാന സ്ഥാനം -137 )**
- അടുത്തിടെ ഉക്രൈനിന് മിഗ് 21 യുദ്ധവിമാനങ്ങൾ കൈമാറിയ ആദ്യ നാറ്റോ രാജ്യമായി മാറിയത് ?
  - **പോളണ്ട്**
- ചന്ദ്രനിൽ ആണവ നിലയം നിർമിക്കാൻ ഒരുങ്ങുന്ന ആഡംബരകാർ നിർമാതാക്കൾ ?
  - **റോൾസ് റോയ്സ്**
  - **യു.കെ.യുടെ ബഹിരാകാശ ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ ആണ് പദ്ധതി.**

- അടുത്തിടെ സർക്കാർ ഉത്തരവിലൂടെ പാർലമെന്റ് പിരിച്ചുവിട്ട രാജ്യം ?
  - **തായ്‌ലൻഡ്**
- അടുത്തിടെ റിക്ടർ സ്കെയിലിൽ 6.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ട രാജ്യങ്ങൾ ?
  - **ഇക്വഡോർ, പെറു**
- പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ചെയ്ത മണ്ഡലത്തിൽ മത്സരിക്കാൻ യോഗ്യതയില്ലെന്ന് വിലയിരുത്തി ആരുടെ നിയമസഭാംഗത്വം ആണ് ഹൈക്കോടതി അസാധുവാക്കിയത് ?
  - **ദേവികുളം MLA എ. രാജയുടെ**
- മലയാറ്റൂർ സ്മാരക ട്രസ്റ്റിന്റെ മലയാറ്റൂർ അവാർഡ് ലഭിച്ചത് ?
  - **ബെന്യാമിൻ ( നോവൽ: നിശ്ശബ്ദസഞ്ചാരങ്ങൾ )**
  - **പുരസ്കാരത്തുക: 25000₹**
- യുവ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസിന് (10000 ₹) അർഹയായ വി.കെ.ദീപയുടെ കഥാസമാഹാരം ?
  - **വുമൺ ഈറ്റേഴ്സ്**
- രാജ്യത്തെ പ്രധാനപ്പെട്ട ആറ് നദികളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ജലശക്തി മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയിൽ കേരളത്തിൽ നിന്നും ഉൾപ്പെട്ട ഏക നദി ?
  - **പെരിയാർ**
  - **കാവേരി, നർമദ, മഹാനദി, ഗോദാവരി, ബരാക്, പെരിയാർ**
- ഇന്ത്യയുടെ കോവിഡ് വാക്സിനേഷൻ പദ്ധതിയുടെ നാൾവഴികൾ ചേർത്ത് നിർമിച്ച ഡോക്യുമെന്ററി ?
  - **ദി വയൽ: ഇന്ത്യാസ് വാക്സിൻ സ്റ്റോറി**
  - **ഡോക്യുമെന്ററിയിൽ അവതാരകനായി എത്തുന്ന ബോളിവുഡ് നടൻ മനോജ് ബാജ്പേയ് .**
- ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടുത്തവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രൈബ്യൂണൽ ഏത് വകുപ്പ് പ്രകാരമാണ് കൊച്ചി കോർപ്പറേഷന് പിഴയിട്ടത് ?
  - **15ആം വകുപ്പ്**
- കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ അഭിഭാഷക ?
  - **പത്മലക്ഷ്മി**

- കോടതികൾക്ക് രേഖകൾ മുദ്രവെച്ച കവറിൽ കൈമാറുന്നത് ജുഡീഷ്യൽ നടപടികളുടെ മൗലിക തത്ത്വങ്ങൾക്ക് എതിരാണെന്ന് പ്രസ്താവിച്ചത് ?
  - **സുപ്രീംകോടതിചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്**
- പ്രഥമ രാജ്യാന്തര കേരള എമർജൻസി മെഡിസിൻ സമ്മിറ്റിന്റെ വേദി ?
  - **തിരുവനന്തപുരം**
- തൃശൂരിലെ പുഷ്പഗിരി അഗ്രഹാര സീതാരാമസ്വാമി ക്ഷേത്രത്തിന്റെ പ്രത്യേകത ?
  - **ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഒറ്റക്കൽ ഹനുമാൻ പ്രതിമ സ്ഥാപിതമാകുന്ന കേരളത്തിലെ ക്ഷേത്രം**
- കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ കിരീടം നേടിയത് ?
  - **കേരള യുണൈറ്റഡ് എഫ്.സി.**
  - **ഫൈനലിൽ ഗോകുലം കേരള എഫ്.സിയെ പരാജയപ്പെടുത്തി.**
- ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടർ ഫൈനലിൽ കടന്ന ഇന്ത്യൻ താരങ്ങൾ ?
  - **ലവ്‌ലിന ബോർഗോഹെയ്ൻ & സാക്ഷി ചൗധരി**
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ പ്ലേ ഓഫിൽ കടന്നത് ?
  - **മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസ്,യു.പി. വാരിയേഴ്സ്**
- ഫോർമുല വൺ സൗദി അറേബ്യൻ ഗ്രാൻപ്രീയിൽ ജേതാവായത് ?
  - **സെർജിയോ പെരസ് (റെഡ് ബുൾ)**
- അണ്ടർ-17 വനിതാ സാഫ് കപ്പ് ഫുട്ബോളിൽ നേപ്പാളിനെ 4-1 ന് തോൽപ്പിച്ചത്?
  - **ഇന്ത്യ ( മലയാളി താരം ഷിൽജി ഷാജി ഹാട്രിക്ക് നേടി. )**

## MAR 22

- 2023 ലെ ലോക കവിതാ ദിനത്തിന്റെ (മാർച്ച് 21) പ്രമേയം ?
  - **Always a Poet, Even in Prose**
- ലോക ജല ദിനം ആദ്യമായി ആചരിച്ചത് ?
  - **1992**
- ലോക ജല ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 22**
- ഈ വർഷത്തെ ലോക ജല ദിനത്തിന്റെ പ്രമേയം ?
  - **മാറ്റം വേഗത്തിലാക്കാം... ജലദൗർലഭ്യവും ശുചീകരണ പ്രതിസന്ധിയും പരിഹരിക്കാൻ..**

- സംസ്ഥാനത്തെ സർവകലാശാലകളിൽ ആദ്യമായി സർവകലാശാല ചരിത്രം പുസ്തക രൂപത്തിൽ പുറത്തിറക്കിയത് ?
  - **കുസാറ്റ്**
- പാഠ്യേതര- കലാ, സാംസ്ക്കാരിക, ശാസ്ത്ര, സാമൂഹ്യ മേഖലകളിൽ താൽപര്യം വളർത്താൻ 4നും 18നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ നടപ്പാക്കുന്ന പദ്ധതി ?
  - **ബാലകേരളം**
- പട്ടികവർഗ വിഭാഗക്കാരുടെ കൈവശമുള്ള, കൃഷിക്കുപയോഗിക്കാത്ത ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കാൻ ആവിഷ്കരിച്ച പദ്ധതി ?
  - **ഹരിത രശ്മി**
- സ്കൂൾ കുട്ടികളിൽ പൗരബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ഹൈക്കോടതി ലീഗൽ സർവീസ് കമ്മിറ്റി നടപ്പാക്കുന്ന പദ്ധതി ?
  - **സംവാദ**
- വനം വന്യജീവി വകുപ്പിന്റെ 2022-23-ലെ വന മിത്ര പുരസ്ക്കാരം സമർപ്പിച്ചത് ?
  - **മാതൃഭൂമി സീഡ്**
- ശ്വാസനാളത്തിലെ അസുഖത്തെത്തുടർന്ന് ദീർഘനാളായി ചികിത്സയിലായിരുന്ന മുൻ അഡ്വക്കേറ്റ് ജനറലും മുതിർന്ന അഭിഭാഷകനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **കെ.പി. ദണ്ഡപാണി(80)**
- അടുത്തിടെ അന്തരിച്ച പരിസ്ഥിതി സൗഹൃദ കാർഷിക സമ്പ്രദായത്തിന്റെ വക്താവ്, ഇന്ത്യയുടെ മില്ലറ്റ് മാൻ എന്നിങ്ങനെ അറിയപ്പെടുന്ന വ്യക്തി ?
  - **പി. വി. സതീഷ്**
- വിദേശ വിന്യാസത്തിന്റെ ഭാഗമായി 2023 മാർച്ച് 19 മുതൽ 20 വരെ മൊസാംബിക്കിലെ പോർട്ട് മാപുട്ടോ സന്ദർശിച്ച കപ്പൽ ?
  - **ഐഎൻഎസ് സുജാത**
- ഇന്ത്യൻ പൗരന്മാരല്ലാത്തവർക്കും വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടാമെന്ന് വിധിച്ച ഹൈക്കോടതി ?
  - **ഡൽഹി ഹൈക്കോടതി**
- 4.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത് ?
  - **ഡൽഹി (പ്രഭവകേന്ദ്രം:: അഫ്ഗാനിലെ ഹിന്ദുകുഷ് മേഖല)**
- അഫ്ഗാനിസ്ഥാനിൽ അനുഭവപ്പെട്ട ഭൂചലനത്തിന്റെ തീവ്രത ?
  - **6.6**

- നേപ്പാളിന്റെ വൈസ് പ്രസിഡന്റായി ചുമതലയേറ്റത് ?
  - **റാംസഹായ് പ്രസാദ് യാദവ്**
- അടുത്തിടെ ബുദ്ധജയന്തി പാർക്ക് സന്ദർശിച്ച ജാപ്പനീസ് പ്രധാനമന്ത്രി ?
  - **ഫുമിയോ കിഷിദ**
- ഇന്ത്യാ സന്ദർശനത്തിനു ശേഷം ചാർട്ടേഡ് വിമാനമുപയോഗിച്ച് പോളണ്ടിലെത്തി അവിടെനിന്ന് തീവണ്ടിയിൽ കയറി ഫുമിയോ കിഷിദ സന്ദർശനം നടത്തിയ രാജ്യം ?
  - **ഉക്രെയ്ൻ**
- സാമ്പത്തിക പ്രതിസന്ധിയിലായ ക്രെഡിറ്റ് സ്വീസ് ബാങ്കിനെ 300 കോടി സ്വിസ് ഫ്രാങ്കിന് (323 കോടി ഡോളർ) ഏറ്റെടുക്കുന്ന സ്വിറ്റ്സർലൻഡിലെ ഏറ്റവും വലിയ ബാങ്ക് ?
  - **യുബിഎസ് ബാങ്ക്**
- പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്ന് താപം സംഭരിക്കാൻ കഴിയുന്ന ലോകത്തിലെ ആദ്യത്തെ മണൽ ബാറ്ററി സ്ഥാപിച്ച രാജ്യം ?
  - **ഫിൻലൻഡ്**
- പ്രപഞ്ചത്തിന്റെ വികാസത്തെക്കുറിച്ചും ഇരുണ്ട ഊർജ്ജവും ഇരുണ്ട ദ്രവ്യത്തെക്കുറിച്ചും പഠിക്കുന്നതിനായുള്ള യൂറോപ്യൻ സ്പേസ് ഏജൻസിയുടെ പുതിയ ഉപഗ്രഹ ദൂരദർശനി ?
  - **യൂക്ലിഡ്**
- ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിന് തുടക്കമായത് ?
  - **ഭോപ്പാൽ, മധ്യപ്രദേശ്**
- അടുത്തിടെ അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബോൾ താരം ?
  - **ആന്തണി റിബല്ലോ(65)**
- ഐഎസ്എൽ ഫുട്ബോൾ ചാംപ്യന്മാരായതിനു പിന്നാലെ പേരിലും മാറ്റം വരുത്തിയത് ?
  - **എടികെ മോഹൻ ബഗാൻ**
  - **പുതിയ പേര്:: മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ്**
- കോവിഡ് വാക്സിൻ സ്വീകരിക്കാത്തതിന്റെ പേരിൽ യുഎസിന്റെ പ്രവേശന വിലക്കേർപ്പെടുത്തിയതോടെ 2023 മാർച്ചിൽ നടക്കുന്ന മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെന്റ് നഷ്ടമാകുന്ന ടെന്നീസ് താരം ?
  - **നൊവാക് ജോക്കോവിച്ച്**

- ഇന്ത്യയിൽ ഒരു വനിതാ താരത്തിന്റെ പേരിലുള്ള ആദ്യ സ്റ്റേഡിയം ?
  - **റായ്ബറേലി**
- ഇന്ത്യൻ വനിതാ ഹോക്കി താരമായ റാണി രാംപാലിന്റെ പേരിൽ പുനർ നാമകരണം ചെയ്യുന്ന സ്റ്റേഡിയം ?
  - **എം.സി.എഫ്. റായ്ബറേലി സ്റ്റേഡിയം**
- എം.സി.എഫ്. റായ്ബറേലി സ്റ്റേഡിയത്തിന്റെ പുതിയ പേര് ?
  - **റാണീസ് ഗേൾസ് ഹോക്കി ടർഫ്**

## MAR 23

- ലോക കാലാവസ്ഥാ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 23**
- ഈ വർഷത്തെ ലോക കാലാവസ്ഥാ ദിനത്തിന്റെ പ്രമേയം ?
  - **The Future of Weather, Climate and Water across Generations.**
- ലോക വന ദിനത്തോടനുബന്ധിച്ച് മുഖ്യമന്ത്രി വൃക്ഷ സമ്പത്ത് യോജന പദ്ധതി ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഛത്തീസ്ഗഡ്**
- ഈറോഡ് ജില്ലയിലെ അന്തിയൂർ, ഗോബിചെട്ടിപാളയം താലൂക്കുകളിലെ വനമേഖലയിൽ 80,567 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന തന്തൈ പെരിയാർ വന്യജീവി സങ്കേതത്തെ എത്രാമത് വന്യജീവി സങ്കേതമായി തമിഴ്നാട് സർക്കാർ പ്രഖ്യാപിക്കുന്നത്
  - **18**
- ഏഷ്യയിലെ ഏറ്റവും വലിയ 4 മീറ്റർ ദ്രാവക കണ്ണാടി ദൂരദർശിനി (4-metre liquid mirror telescope) ഉദ്ഘാടനം ചെയ്തത് ?
  - **ഡോ. ജിതേന്ദ്ര സിംഗ്, ഉത്തരാഖണ്ഡ്**
  - **ആര്യഭട്ട റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്സർവേഷണൽ സയൻസസിന്റെ കാമ്പസിലുള്ള ഒബ്സർവേറ്ററിയിൽ നിന്ന് 2450 മീറ്റർ ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്.**
  - **പ്രകാശം ശേഖരിക്കുന്നതിനും ഫോക്കസ് ചെയ്യുന്നതിനുമായി 4 മീറ്റർ വ്യാസമുള്ള കറങ്ങുന്ന കണ്ണാടിയാണ് ഇതിനായി ഉപയോഗിക്കുന്നത്.**
- ബിപിൻ: ദി മാൻ ബിഹൈൻഡ് ദി യൂണിഫോം എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **രചന ബിഷ്ട് റാവത്ത്**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- 2047-ൽ സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷത്തോടെ ഇന്ത്യയ്ക്ക് ഊർജസ്വാതന്ത്ര്യം കൈവരിക്കാൻ കഴിയുമെന്ന് പ്രവചിച്ചത് ?
  - **ലോറൻസ് ബെർക്ക്ലി നാഷണൽ ലബോറട്ടറി, യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് എനർജി**
- 2030-ന് മുമ്പ് രാജ്യത്ത് 6G വരുമെന്ന് പ്രസ്താവിച്ചത് ?
  - **നരേന്ദ്ര മോദി**
- സ്കൂൾ കുട്ടികൾക്കായി യുവിക എന്ന പേരിൽ വാർഷിക പ്രത്യേക പരിപാടി സംഘടിപ്പിച്ചത് ?
  - **ISRO, ബെംഗളൂരുവിൽ**
- ജമ്മു-കശ്മീരിലെ കുപ്വാര ജില്ലയിലെ കർണ സെക്ടറിൽ നിയന്ത്രണ രേഖയ്ക്ക് സമീപം പുനർനിർമിച്ച ക്ഷേത്രം ?
  - **മാതാ ശാരദാക്ഷേത്രം**
- ചാറ്റ് ജി.പി.ടി.യുടെ എതിരാളിയായി പുതിയ നിർമിതബുദ്ധി സംവിധാനമായ ബാർഡ് നെ രംഗത്തിറക്കിയത് ?
  - **ഗൂഗിൾ ( ബാർഡ് നിലവിൽ ഇന്ത്യയിൽ ലഭ്യമല്ല. )**
- ബാർഡ് പ്രവർത്തിക്കുന്നതിന് അടിസ്ഥാനമാക്കിയ ഗൂഗിൾ വികസിപ്പിച്ച ഭാഷാമാതൃക ?
  - **ലാംഡ**
- യുക്രൈൻ യുദ്ധത്തെ എതിർക്കുന്ന റഷ്യക്കാരുടെ ഗീതമായി മാറിയ 'അകാ ഡിസ്കോ' എന്ന ഗാനമിറക്കിയ പോപ്പ് സംഗീത ബാൻഡിന്റെ സ്ഥാപകൻ വോൾഗാ നദിയിൽ മുങ്ങിമരിച്ചു. പേര് ?
  - **ദിമ നോവ (34)**
- 2021-ലെ ദേശീയ മാനവികതാ മെഡൽ യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ സമ്മാനിച്ച ഇന്ത്യൻ വംശജ ?
  - **മിൻഡി കേയ്ലിങ്ങ്**
  - **നാഷണൽ മെഡൽ ഓഫ് ആർട്സാണ് മിൻഡിക്ക് ലഭിച്ചത്.**
- തുടർച്ചയായ മൂന്ന് മത്സരങ്ങളിൽ ഗോൾഡൻ ഡക്കാകുന്ന ആദ്യ ഇന്ത്യൻ താരമെന്ന റെക്കോർഡ് നേടിയത് ?
  - **സൂര്യ കുമാർ യാദവ്**

- ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സെമിഫൈനലിൽ കടന്നതോടെ മെഡലുറപ്പായത് ?
  - **നിഖാത് സരിൻ, നീതു ഗംഗാസ്, സ്വീറ്റി ബൂറ, ലവ്‌ലിന ബോർഗോഹെയ്ൻ**
- ഫ്രാൻസിന്റെ ദേശീയ ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റൻ ആയത് ?
  - **കിലിയൻ എംബാപ്പെ**
- ഈ വർഷത്തെ സാഫ് (ദക്ഷിണേഷ്യൻ ഫുട്ബോൾ ഫെഡറേഷൻ) കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ?
  - **ബെംഗളൂരു,**
  - **ജൂൺ 21-ജൂലൈ 3**
- ഏത് ടൂർണമെന്റിലാണ് ടോസിനുശേഷം ക്യാപ്റ്റന് ഇലവനെ പ്രഖ്യാപിക്കാനുള്ള നിയമം ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് അനുവദിച്ചത് ?
  - **IPL**
- ICC പുറത്തുവിട്ട ഏകദിന ബൗളർമാരുടെ പട്ടികയിൽ ഒന്നാമത് എത്തിയത് ?
  - **ജോഷ് ഹേസൽവുഡ്**
  - **ഓസ്ട്രേലിയ**
- പ്രഥമ കേരള പുരസ്കാരങ്ങൾ സമർപ്പിച്ചു. പുരസ്കാര പതക്കവും മെമന്റോയും രൂപകല്പന ചെയ്തത് ?
  - **ഗോഡ്ഫ്രെ ദാസ്**
- മാതൃഭൂമിയിലെ മൂന്നു മാധ്യമപ്രവർത്തകർ ചേർന്ന് തയ്യാറാക്കിയ അന്വേഷണാത്മക പരമ്പരയ്ക്ക് രാംനാഥ് ഗോയങ്ക എക്സലൻസ് ഇൻ ജേണലിസം പുരസ്ക്കാരം. ആരൊക്കെ
  - **എം.കെ. ഷബിത, ശ്രീലക്ഷ്മി മേനോൻ, റോസ് മരിയ വിൻസന്റ്**
- മികച്ച മനഃശ്ശാസ്ത്ര ലേഖകനുള്ള സ്കിസോഫ്രീനിയ റിസർച്ച് ഫൗണ്ടേഷൻ (സ്കാർഫ്) പുരസ്കാരം നേടിയ മലയാളി ?
  - **സന്തോഷ് ശിശുപാൽ**
- രാജ്യത്ത് പൂർണമായും സ്ത്രീലിംഗ പദത്തിലെഴുതിയ ആദ്യ ബില്ല് ?
  - **2023- ലെ കേരള പൊതുജനാരോഗ്യ ആക്ട്**
- ശാസ്ത്ര നവനിർമാണത്തിൽ പുതുതലമുറയെ ശാക്തീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ-പൊതുവിദ്യാസ മേഖലകൾ ഒരുമിച്ചുചേർന്ന് നടത്തുന്ന പദ്ധതി ?
  - **സ്ട്രീം ഇക്കോ സിസ്റ്റം**

# MAR 24

- ലോക ക്ഷയരോഗ ദിനം ആചരിക്കുന്നത് ?
  - **മാർച്ച് 24**
- ഈ വർഷത്തെ ലോക ക്ഷയരോഗ ദിനത്തിന്റെ പ്രമേയം ?
  - **Yes! We can end TB!**
- ഇന്ത്യയുടെ മൂന്നാമത്തെ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ -3 ന്റെയും ആദ്യ ദൗത്യമായ ആദിത്യ എൽ 1 ന്റെയും വിക്ഷേപണം എന്ന് നടത്തും എന്നാണ് ISRO ചെയർമാൻ എസ്. സോമനാഥ് പ്രസ്താവിച്ചത് ?
  - **2023 പകുതിയോടെ**
- ശ്രാവണബലഗോളയിലെ ജൈന മഠാധിപതി 2023 മാർച്ച് 23 ന് അന്തരിച്ചു. പേര് ?
  - **ചാരുകീർത്തി ഭട്ടാരക സ്വാമിജി (73)**
- തിരഞ്ഞെടുപ്പ് പ്രസംഗത്തിൽ മോദിസമുദായത്തെ അപകീർത്തിപ്പെടുത്തിയെന്ന കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് രണ്ടുവർഷം തടവു ശിക്ഷ വിധിച്ച കോടതി ?
  - **ഗുജറാത്തിലെ സൂറത്ത് കോടതി**
- രണ്ടുകൊല്ലത്തെ തടവുശിക്ഷ ലഭിച്ചതോടെ മേൽക്കോടതിയിൽ നിന്ന് പൂർണമായും സ്റ്റേ ലഭിച്ചില്ലെങ്കിൽ ഏത് നിയമപ്രകാരമാണ് വയനാട് മണ്ഡലത്തിൽനിന്നുള്ള എം.പി.സ്ഥാനം രാഹുൽ ഗാന്ധിക്ക് നഷ്ടമാവുക ?
  - **ജനപ്രാതിനിധ്യനിയമപ്രകാരം**
- കുടിവെള്ളം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫ്രഞ്ച് ഏജൻസിയുമായി കരാറൊപ്പിട്ട ഇന്ത്യൻ സംസ്ഥാനം ?
  - **ഹിമാചൽ പ്രദേശ്**
- അടുത്തിടെ അന്തരിച്ച മഹാ വീർ ചക്ര ലഭിച്ചിട്ടുള്ള മുൻ ഇന്ത്യൻ വ്യോമസേന വിംഗ് കമാൻഡർ ?
  - **ജഗ്മോഹൻ നാഥ്**
- ഹുറുൺ ഗ്ലോബൽ റിച്ച് ലിസ്റ്റ് 2023 പ്രകാരം ആദ്യ 10 ശതകോടീശ്വരന്മാരുടെ പട്ടികയിൽ ഇടം നേടിയ ഏക ഇന്ത്യക്കാരൻ ?
  - **മുകേഷ് അംബാനി (9th)**
  - **1. ഇലോൺ മസ്ക്**
  - **2. ജെഫ് ബെസോസ്**

- കോഫിഹൗസ് കമ്പനിയായ സ്റ്റാർബക്സിന്റെ സിഇഒ ആയി അടുത്തിടെ ചുമതലയേറ്റ ഇന്ത്യൻ വംശജൻ ?
  - **ലക്ഷ്മൺ നരസിംഹൻ**
- ഗണിതശാസ്ത്രജ്ഞർക്ക് നോർവേ രാജാവ് വർഷം തോറും നൽകുന്ന സമ്മാനമായ ആബേൽ പുരസ്കാരം 2023 ൽ ലഭിച്ചത് ?
  - **ലൂയിസ് കാഫറെല്ലി**
  - **അമേരിക്ക-അർജന്റീന പൗരത്വം.**
  - **പുരസ്കാരത്തിന് അർഹനാക്കിയത് ::: Partial differential equations which can explain phenomena ranging from how water flows to population growth.**
- അടുത്തിടെ യുകെയിലെ വാഡിംഗ്ടൺ എയർഫോഴ്സ് ബേസിൽ നടക്കുന്ന ബഹുരാഷ്ട്ര അഭ്യാസം ?
  - **കോബ്ര വാറിയർ**
  - **പങ്കെടുക്കുന്നത്:: ഇന്ത്യ, സിംഗപ്പൂർ, ഫിൻലാൻഡ്, യുഎസ്എ, ദക്ഷിണാഫ്രിക്ക, സ്വീഡൻ**
- ഉസ്ബെക്കിസ്ഥാനിൽ ചുമ മരുന്ന് കഴിച്ചതിനു പിന്നാലെയുണ്ടായ ശാരീരിക പ്രശ്നങ്ങളെത്തുടർന്ന് 18 കുട്ടികൾ മരിച്ചസംഭവത്തിൽ സംശയത്തിലായിരുന്ന ഇന്ത്യൻ മരുന്ന് കമ്പനിയുടെ ലൈസൻസ് റദ്ദാക്കി. പേര് ?
  - **മരിയോൺ ബയോടെക്, നോയിഡ**
- ഏഷ്യൻ ഹോക്കി ഫെഡറേഷൻ അത്‌ലറ്റെസ് അംബാസഡറായി നിയമിച്ച ഇന്ത്യൻ വനിതാ ഹോക്കി ടീം അംഗം ?
  - **സലിമ ടിറ്റെ**
- ഇന്ത്യക്കെതിരായ പരമ്പര ജയത്തോടെ ICC ഏകദിന റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയത് ?
  - **ഓസ്ട്രേലിയ (2.ഇന്ത്യ)**
- പ്രൊഫഷണൽ ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ജർമൻ ദേശീയ ഫുട്ബോൾ താരം ?
  - **മെസുട്ട് ഓസിൽ**
- ഡാനിൽ മെദ്‌വദേവിനെ പരാജയപ്പെടുത്തി ഇന്ത്യൻ വെൽസ് ഓപ്പൺ ടെന്നീസിൽ പുരുഷ സിംഗിൾസ് കിരീടം നേടിയത് ?
  - **കാർലോസ് അൽകാരസ്**

- പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലെ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (FSI) 2017-2021 കാലത്തെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ വനവിസ്തൃതി എത്രയാണ് വർധിച്ചത് ?
  - **5,516 ചതുരശ്ര കിലോമീറ്റർ**
  - **കേരളത്തിൽ 934 ചതുരശ്ര കിലോമീറ്ററായാണ് കൂടിയത്.**
- കേരള സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സുഗതകുമാരി കവിതാ പുരസ്കാരത്തിന് എസ്.ഡി. അനിൽകുമാറിനെ അർഹനാക്കിയ കവിതാസമാഹാരം ?
  - **പുരുഷന്റെ അടുക്കള**
- പതിന്നാലാം ബെംഗളൂരു അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്ന മലയാള സിനിമകൾ ?
  - **സൗദി വെള്ളക്ക, പല്ലൊട്ടി 90'സ് കിഡ്സ്, ജനഗണമന, ഫാമിലി, തമ്പ്**
- കിഫ്ബി ഫണ്ടുപയോഗിച്ച് സയൻസ് പാർക്കുകൾ സ്ഥാപിക്കാൻ കേരള മന്ത്രിസഭ തീരുമാനിച്ചത് എവിടെയെല്ലാം ?
  - **തിരുവനന്തപുരം, കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്ക് സമീപം**
- വിജിലൻസ് വിഭാഗത്തിൽ അഴിമതിക്കാരും കൈക്കൂലിക്കാരുമുണ്ടെങ്കിൽ അവർക്ക് കുരുക്കൊരുക്കാൻ തുടങ്ങിയ ഒരു ഇൻസ്പെക്ടറും അഞ്ച് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പുതിയ വിഭാഗം ?
  - **കൗണ്ടർ വിജിലൻസ്**
  - **വിജിലൻസ് ഡയറക്ടർ മനോജ് എബ്രഹാമിന്റെ നിർദേശ പ്രകാരം ആണ് ഇത് രൂപീകരിക്കുന്നത്.**
- കേരള കേന്ദ്ര സർവകലാശാലയുടെ ആദ്യ ഓണററി ഡോക്ടറേറ്റ് ലഭിച്ചത് ?
  - **പി. ടി. ഉഷ**
- സംസ്ഥാന വിവരാവകാശ കമ്മീഷണറായി ചുമതലയേറ്റത് ?
  - **ഡോ. കെ. എം. ദിലീപ്**

## MAR 25

- ഗർഭസ്ഥശിശുവിന്റെ സംരക്ഷണത്തെക്കുറിച്ചും ഗർഭച്ഛിദ്രത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ International Day of the Unborn Child ആചരിക്കുന്നത് ?
  - **മാർച്ച് 25**

- ആഗോളതാപനത്തിൽനിന്നു ഭൂമിയെ സംരക്ഷിക്കാനായി ഭൗമമണിക്കൂറായി ആചരിക്കുന്നത് ?
    - **2023 മാർച്ച് 25, രാത്രി 8.30 മുതൽ 9.30 വരെ ഒരു മണിക്കൂർ**
- വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഫോർ നേച്ചറിന്റെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഭൗമമണിക്കൂറായി ആചരിക്കുന്നത് ?
    - **മാർച്ച് മാസത്തിലെ അവസാന ശനിയാഴ്ച**
- ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി മേളയായ ആഹാർ 2023 വേദി ?
    - **ന്യൂഡൽഹി**
- തിരഞ്ഞെടുപ്പു പ്രസംഗത്തിൽ മോദി സമുദായത്തെ അപകീർത്തിപ്പെടുത്തിയെന്ന കേസിൽ ഗുജറാത്തിലെ സൂറത്ത് കോടതി വ്യാഴാഴ്ച രണ്ടുവർഷം തടവുശിക്ഷ വിധിച്ചതിനെത്തുടർന്ന് ലോക്സഭാംഗത്വത്തിൽനിന്ന് അയോഗ്യനാക്കിയത് ആരെ ?
    - **രാഹുൽ ഗാന്ധിയെ**
    - **പ്രതിനിധാനം ചെയ്യുന്ന മണ്ഡലം: വയനാട്.**
    - **ഭരണഘടനയിലെ ആർട്ടിക്കിൾ 102(1)(e), 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ എട്ട് എന്നിവ പ്രകാരം ആണ് അയോഗ്യത.**
- കേന്ദ്രസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത നാലുശതമാനം വർധിപ്പിച്ചു. എത്രയാണ് പുതിയ ക്ഷാമബത്ത ?
    - **42%**
- ഭാരത്പേ യുടെ സഹസ്ഥാപകൻ അഷ്നീർ ഗ്രോവർ ക്രിക്കറ്റ് കേന്ദ്രീകരിച്ചുള്ള ഫാന്റസി സ്പോർട്സ് ആപ്പ് പുറത്തിറക്കി. പേര് ?
    - **CrickPe**
- 2009-ൽ പത്മശ്രീ നൽകി ആദരിക്കപ്പെട്ട അടുത്തിടെ അന്തരിച്ച മുതിർന്ന പത്രപ്രവർത്തകൻ ?
    - **അഭയ് ഛജ്‌ലാനി**
- എവിടെയാണ് വിജ്ഞാന പ്രതിമ (Statue of Knowledge) സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത് ?
    - **ലാത്തൂർ, മഹാരാഷ്ട്ര**
    - **75 അടി ഉയരമുള്ള അംബേദ്കർ പ്രതിമ**
    - **2023 ഏപ്രിൽ 13 ന് അനാച്ഛാദനം ചെയ്യും.**

- വൺ വേൾഡ് ടിബി സമ്മിറ്റിൽ പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്തത് ?
  - **വാരണാസിയിൽ**
- പുതിയ ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ (ITU) ഏരിയ ഓഫീസിന്റെയും ഇന്നൊവേഷൻ സെന്ററിന്റെയും ഉദ്ഘാടനവേളയിൽ പ്രധാനമന്ത്രി ഉത്ഖനന ഏജൻസികൾ തമ്മിലുള്ള ഏകോപനം സുഗമമാക്കുന്നതിന് പുറത്തിറക്കിയ ആപ്പ് ?
  - **Call Before you Dig (CBuD)**
- G20 ഷെർപ്പ സമ്മേളനത്തിനു വേദിയാകുന്നത് ?
  - **കുമരകം**
- ഔദ്യോഗിക പേരുമാറ്റത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതോടെ പത്തനംതിട്ടയിലെ അയിരൂർ പഞ്ചായത്തിന്റെ പുതിയ പേര് ?
  - **അയിരൂർ കഥകളി ഗ്രാമം**
- രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ഗുണനിലവാര പട്ടികയിൽ 96% സ്കോർ നേടിയത് ?
  - **ഒഴൂർ കുടുംബരോഗ്യകേന്ദ്രം, മലപ്പുറം**
- 2022ലെ സിസ്റ്റമാറ്റിക് പ്രോഗ്രസീവ് അനലിറ്റിക്കൽ റിയൽടൈം (സ്പാർക്) റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നേടിയത് ?
  - **ആന്ധ്രാപ്രദേശ്  (2. കേരളം)**
  - **തുടർച്ചയായി അഞ്ചാം  തവണയും സ്പാർക്ക് അവാർഡിന് അർഹത നേടുന്ന ആദ്യ സംസ്ഥാനമാണ് കേരളം.**
- കെ.പി.സി.സി. സംഘടിപ്പിക്കുന്ന വൈക്കം സത്യാഗ്രഹത്തിന്റെ 100 ആം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള മലബാർ നവോത്ഥാന ജാഥ ആരംഭിക്കുന്നത്?
  - **മാർച്ച് 27-ന് കോഴിക്കോട്ട് നിന്ന്**
- കാക്കനാട്ടേക്കുള്ള  കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമാണത്തിന് തുടക്കമാവുന്നത് ?
  - **2023 മാർച്ച് 25**
- സി.എച്ച്.മുഹമ്മദ്കോയ സ്മാരക വിദ്യാഭ്യാസ പുരസ്കാരം ലഭിച്ച സരസ്വതി ഗ്രൂപ്പ് ഓഫ് വിദ്യാലയ സ്ഥാപകൻ ?
  - **ഡോ. ജി.രാജ്മോഹൻ (പുരസ്കാരം :- 10001 ₹യും പ്രശംസാപത്രവും. )**

- ആലപ്പുഴ ജില്ലയുടെ 56ആമത് കളക്ടർ ആയി നിയമിതയായത് ?
  - **ഹരിത വി. കുമാർ**
- ശ്രാവണബെലഗോള ജൈനമഠത്തിന്റെ പുതിയ മഠാധിപതിയാകുന്നത് ?
  - **ആഗമകീർത്തി സ്വാമി**
- ആണവശേഷിയുള്ള നൂതന അന്തർ ജല ഡ്രോൺ വിജയകരമായി പരീക്ഷിച്ച രാജ്യം ?
  - **ഉത്തരകൊറിയ**
- ജലത്തിനടിയിൽ റേഡിയോ ആക്ടീവ് സുനാമിയുണ്ടാക്കാൻ പോന്നത്ര പ്രഹരശേഷി ഉള്ള  അന്തർ ജല ഡ്രോണിന് നൽകിയിരിക്കുന്ന പേര് ?
  - **ഹെയ്ൽ മിസൈൽ**
- മസ്തിഷ്ക രക്തസ്രാവത്തെത്തുടർന്ന് ഇംഗ്ലണ്ടിലെ ലിവർപൂൾ ആശുപത്രിയിൽ പ്രവേശിപ്പിച്ച പ്രശസ്ത സംഗീതജ്ഞ ?
  - **ബോംബെ ജയശ്രീ**
- അടുത്തിടെ  ഖലിസ്ഥാൻവാദികൾ വികൃതമാക്കിയ ഗാന്ധിപ്രതിമ സ്ഥിതി ചെയ്യുന്നത് ?
  - **ഒന്റാറിയോ, ഹാമിൽട്ടൺ (കാനഡ)**
- ടിക്കറ്റ് എടുക്കാത്ത യാത്രക്കാരിൽനിന്ന് പിഴയിനത്തിൽ ഒരുകോടി രൂപ ഈടാക്കി റെക്കോർഡ് നേടിയ ദക്ഷിണ റെയിൽവേയിലെ ചീഫ് ടിക്കറ്റ് ഇൻസ്പെക്ടർ ?
  - **റോസലിൻ ആരോകിയ മേരി**
- അന്താരാഷ്ട്ര ഫുട്ബോളിൽ ഏറ്റവും കൂടുതൽ മത്സരം കളിച്ച താരമായത് ?
  - **ക്രിസ്ത്യാനോ റൊണാൾഡോ (197 മത്സരങ്ങൾ)**
- സൗഹൃദമത്സരത്തിൽ പനാമയ്ക്കെതിരെ ഗോൾ നേടിയതോടെ കരിയറിലെ 99-ാം അന്താരാഷ്ട്ര ഗോളും രാജ്യത്തിനും ക്ലബ്ബുകൾക്കും കൂടി 800-ാം ഗോൾ നേട്ടം കൈവരിച്ചത് ?
  - **ലയണൽ മെസ്സി**
- ഇംഗ്ലണ്ടിനുവേണ്ടി ഏറ്റവുമധികം ഗോൾ നേടിയ താരമായത് ?
  - **ഹാരി കെയ്ൻ**
- വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഹാട്രിക് നേടുന്ന ആദ്യതാരമെന്ന നേട്ടം കൈവരിച്ചത് ?
  - **ഇസി വോങ് (മുംബൈ ഇന്ത്യൻസ് )**
  - **മത്സരത്തിൽ 4 വിക്കറ്റ് വീഴ്ത്തി.**

- പ്ലേ ഓഫിൽ യു.പി.വാരിയേഴ്സിനെ 72 റൺസിന് തോൽപ്പിച്ച് പ്രഥമ വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ ഫൈനലിൽ കടന്നത് ?
  - **മുംബൈ ഇന്ത്യൻസ്**
  - **ഹാട്രിക് നേടിയ ഇസി വോങും അർധസെഞ്ചുറി നേടിയ നാറ്റ് സിവറും(72*) ആണ് മുംബൈ ഇന്ത്യൻസിനെ ഫൈനലിൽ എത്തിച്ചത്.**

## MAR 26

- കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കുന്ന കിടപ്പു രോഗികൾക്കും മറ്റും റേഷൻ സാധനങ്ങൾ ഓട്ടോറിക്ഷയിൽ വീടുകളിലെത്തിച്ചു നൽകുന്ന പദ്ധതി ?
  - **ഒപ്പം**
  - **പദ്ധതി ആരംഭിച്ച ആദ്യ ജില്ല - തൃശൂർ**
- കോവിഡ് വ്യാപനം വീണ്ടും. നിലവിൽ കൂടുതൽ രോഗികൾ ഉള്ള ഇന്ത്യൻ സംസ്ഥാനം
  - **കേരളം (26.4%)**
- കേരള സർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ കൂട്ടായ്മയായ ഫൊക്കാന യുമായി ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ള ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം ലഭിച്ചത് ?
  - **ആർ. എൽ. പ്രവീൺരാജ്**
  - **മലയാളവിമർശനത്തിലെ സർഗ്ഗാത്മകത: തിരഞ്ഞെടുത്ത വിമർശകരുടെ കൃതികളെ മുൻനിർത്തി ഒരു പഠനം' എന്ന ഗവേഷണപ്രബന്ധത്തിനാണ് 50k ₹ പുരസ്കാരം.**
- കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ ദിവസക്കൂലി കേന്ദ്രസർക്കാർ വർധിപ്പിച്ചു. പുതിയ കൂലി ?
  - **333₹**
  - **ഏറ്റവും കൂടുതൽ - ഹരിയാന - 357₹**
  - **ഏറ്റവും കുറവ് - ഛത്തീസ്ഗഡ്,മധ്യപ്രദേശ്- 221₹**
- "ആയുർവേദ പറുദീസ" എന്നറിയപ്പെടുന്ന ഒഡീഷയിലെ ഏത് മലനിരകൾ ആണ് ജൈവവൈവിധ്യ പൈതൃക സൈറ്റായി നിരീക്ഷിക്കപ്പെട്ടത് ?
  - **ഗന്ധമർദൻ മലനിരകൾ**
- റിസർവ് ബാങ്കിന്റെ ഡാറ്റ സെന്റർ ആന്റ് സൈബർ സെക്യൂരിറ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരുന്ന ഒഡീഷയിലെ നഗരം ?
  - **ഭുവനേശ്വർ**

- സിദ്ധ, ബി.ഡി.എസ്. എന്നിവയെ വൈദ്യശാസ്ത്ര ബിരുദമായി പരിഗണിക്കണമെന്ന് പ്രസ്താവിച്ചത് ?
  - **മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച്**
- അടുത്തിടെ യു.എൻ. വാട്ടർ കോൺഫറൻസിന് വേദിയായ നഗരം ?
  - **ന്യൂയോർക്ക്**
- അടുത്തിടെ ബ്രിക്സ് ന്യൂ ഡെവലപ്മെന്റ് ബാങ്കിൽ പുതുതായി അംഗമായ രാജ്യം ?
  - **ഈജിപ്ത്**
- അടുത്തിടെ പുരാതന പവിഴ നഗരത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തിയ രാജ്യം ?
  - **യുഎഇ**
- ഡിജിറ്റൽ യുഗത്തിലേക്കുള്ള വളർച്ചയിൽ നിർണായക വഴിത്തിരിവുണ്ടാക്കിയ ഇന്റൽ കോർപ്പറേഷന്റെ സഹസ്ഥാപകൻ അന്തരിച്ചു. പേര് ?
  - **ഗോർഡൻ മൂർ (94)**
  - **ഇന്റഗ്രേറ്റഡ് സർക്യൂട്ടുകളിലെ(ഐ.സി.) ട്രാൻസിസ്റ്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക്സിൽ 'മൂർസ് നിയമം' ആവിഷ്ക്കരിച്ചത് ഇദ്ദേഹമാണ്.**
- മൂർസ് നിയമം ?
  - **ഒരു ഇന്റഗ്രേറ്റഡ് സർക്യൂട്ടിലെ ട്രാൻസിസ്റ്ററുകളുടെ എണ്ണം ഓരോ രണ്ടുവർഷത്തിലും ഇരട്ടിയാകും**
- 2023 ലെ ഏഷ്യൻ ഖോഖോ ചാമ്പ്യൻഷിപ്പ്(4th) പുരുഷ,വനിതാ കിരീടങ്ങൾ നേടിയത് ?
  - **ഇന്ത്യ ( നേപ്പാളിനെ ആണ് ഇരുകൂട്ടരും പരാജയപ്പെടുത്തിയത്. )**
- നാലാമത് ഏഷ്യൻ ഖോഖോ ചാമ്പ്യൻഷിപ്പ് നടന്നത് ?
  - **അസം**
- സ്വിസ് ഓപ്പൺ ബാഡ്മിന്റണിൽ ഡെന്മാർക്കിന്റെ ജെപ്പെ ബെ- ലാസെമോളെഡെ സഖ്യത്തെ ക്വാർട്ടർ ഫൈനലിൽ തോൽപ്പിച്ച് സെമി ഫൈനലിൽ കടന്ന ഇന്ത്യൻ സഖ്യം ?
  - **സാത്വിക് സായ് രാജ് രെങ്കി റെഡ്ഡി -ചിരാഗ് ഷെട്ടി സഖ്യം**
- ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിലെ 48 Kg വിഭാഗത്തിൽ ഇന്ത്യക്കായി സ്വർണം നേടിയത് ?
  - **നീതു ഗൻഖാസ് (ഹരിയാന)**
  - **മംഗോളിയയുടെ ലുട്ട്സായ്ഖൻ അൽറ്റാൻസെറ്റ്സാഗിനെ കീഴടക്കി.**

- ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിലെ 81Kg വിഭാഗത്തിൽ ഇന്ത്യക്കായി സ്വർണം നേടിയത് ?
    - **സ്വീറ്റി ബൂറ (ഹരിയാന)**
    - **ചൈനയുടെ വാങ് ലിനയെ പരാജയപ്പെടുത്തി.**
- ഇതിനുമുമ്പ് എത്ര ഇന്ത്യൻ താരങ്ങളാണ് ലോക വനിതാ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സുവർണനേട്ടം കൈവരിച്ചിട്ടുള്ളത് ?
    - **4**
    - **ലോകചാമ്പ്യൻഷിപ്പിന്റെ ചരിത്രത്തിൽ ഇന്ത്യക്ക് ഇതോടെ 11 സ്വർണമെഡലുകളായി**.
- പ്രഥമ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ ഫൈനൽ നടക്കുന്നത് ?
    - **2023 മാർച്ച് 26**
    - **മുംബൈ ഇന്ത്യൻസ് & ഡൽഹി ക്യാപിറ്റൽസ്**

## MAR 27

- **മലയാളികൾക്ക് ചിരിയുടെ കിലുക്കവും സ്വാഭാവിക അഭിനയത്തിന്റെ തനിമയും സമ്മാനിച്ച നടൻ ഇന്നസെന്റ് (75) അന്തരിച്ചു.**
- മികച്ച സഹനടനുള്ള സംസ്ഥാന പുരസ്ക്കാരത്തിന് ഇന്നസെന്റിനെ അർഹനാക്കിയ ചലച്ചിത്രം ?
    - **മഴവിൽക്കാവടി (1989ൽ**)
- ഇംഗ്ലീഷ്, ഇറ്റാലിയൻ, തമിഴ്, കന്നഡ ഭാഷകളിൽ പരിഭാഷ ചെയ്ത ഇന്നസെന്റ് കൃതി ?
    - **കാൻസർ വാർഡിലെ ചിരി**
- ഇന്നസെന്റിന്റെ ആത്മകഥ ?
    - **ചിരിയ്ക്കു പിന്നിൽ**
- മറ്റു കൃതികൾ ?
    - **മഴക്കണ്ണാടി (കഥകൾ), ഞാൻ ഇന്നസെന്റ്, ഇരിങ്ങാലക്കുടയ്ക്ക് ചുറ്റും, കാലന്റെ ഡൽഹിയാത്ര അന്തിക്കാട് വഴി, ദൈവത്തെ ശല്യപ്പെടുത്തരുത്**
- മലയാളം, തമിഴ്, ഹിന്ദി, കന്നഡ ഭാഷകളിൽ ആകെ 750 ലേറെ ചിത്രങ്ങളിൽ വേഷമിട്ട അദ്ദേഹത്തിന്റെ 2 ഹിന്ദി സിനിമകൾ ?
    - **ഡോലി സജാകെ രഖ്ന , മലാമൽ വീക്കിലി**
    - **തമിഴ് : ലേസാലേസ , കന്നഡ : ശിക്കാരി**

- ചില മലയാള ചലച്ചിത്രങ്ങൾ ?
    - **മഴവിൽക്കാവടി,കിലുക്കം, റാംജിറാവു സ്പീക്കിങ്, ഗോഡ്ഫാദർ, വിയറ്റ്നാം കോളനി,കാബൂളിവാല, രാവണപ്രഭു,മാന്നാർ മത്തായി സ്പീക്കിങ്, കല്യാണരാമൻ, ഹിറ്റ്ലർ,മനസ്സിനക്കരെ,വേഷം, ചന്ദ്രലേഖ, പൊൻമുട്ടയിടുന്ന താറാവ്,ദേവാസുരം, ഡോ.പശുപതി,സ്നേഹവീട്, ഒരു ഇന്ത്യൻ പ്രണയകഥ,മകൾ**
- രണ്ടാഴ്ച നീണ്ട പുകയുടെ ദുരിതം മാറും മുമ്പ് വീണ്ടും തീപ്പിടിത്തം ഉണ്ടായ മാലിന്യശേഖരണ കേന്ദ്രം ?
    - **ബ്രഹ്മപുരം**
- അടുത്തിടെ ദേശീയ ക്ഷയരോഗ പരിപാടിക്ക് കീഴിൽ സ്വർണ മെഡൽ നേടിയ കേരളത്തിലെ ജില്ലകൾ ?
    - **മലപ്പുറം, വയനാട്**
- കേരളത്തിന്റെ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി 2023 മാർച്ച് 24 ന് അന്തരിച്ചു. പേര്
    - **പി. മാരപാണ്ഡ്യൻ**
- കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് കെ. വിനോദ് ചന്ദ്രനെ ഏത് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയാണ് കേന്ദ്രസർക്കാർ നിയമിക്കുന്നത് ?
    - **പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ്**
- ബെൽജിയം സർവകലാശാലയുടെ ഓണററി ബിരുദത്തിനർഹനായ മലയാളി ?
    - **പ്രൊഫ. ഡോ. ഹാനി ബാബു**
- പരിശീലനപ്പറക്കലിനിടെ കോസ്റ്റ് ഗാർഡിന്റെ ഹെലികോപ്റ്റർ തകർന്നു. എവിടെ ?
    - **കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ**
- ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രി മെഗാ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ റീജിയൺസ് ആൻഡ് അപ്പാരൽ പാർക്ക് സ്ഥാപിതമാകുന്നത് ?
    - **തമിഴ്നാട്**
- ഇന്ത്യൻ കരസേനയും ഇന്ത്യൻ വ്യോമസേനയും അടുത്തിടെ നടത്തിയ സംയുക്ത അഭ്യാസം ?
    - **വായു പ്രഹാർ**
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് സംഘടിപ്പിക്കുന്ന അർബൻ ക്ലൈമറ്റ് ഫിലിം ഫെസ്റ്റിവൽ നടന്നത് ?
    - മാർച്ച് 24-26, 2023

- അന്താരാഷ്ട്ര ഇന്ററിനെറ്റ് സേവനദാതാക്കളായ വൺ വെബിന്റെ 36 ഉപഗ്രഹങ്ങൾ കൂടി വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചത് ?
  - **ലോഞ്ച് വെഹിക്കിൾ മാർക്ക്- 3 (എൽ. വി.എം.-3)**
- വൺ വെബിന്റെ 36 ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ എത്തിച്ച ഐ.എസ്.ആർ.ഒ. യുടെ വാണിജ്യ ഉപഗ്രഹ വിക്ഷേപണം നടന്നത് ?
  - **ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ,2023 മാർച്ച് 26**
- ഉപഗ്രഹങ്ങളുടെ ആകെ ഭാരം ?
  - **5,805 കിലോഗ്രാം**
- സ്ഥിര ഭ്രമണപഥത്തിൽ ഉപഗ്രഹങ്ങളുടെ ശൃംഖല വിന്യസിച്ച് സർക്കാർവകുപ്പുകൾക്കും സ്വകാര്യസംരംഭങ്ങൾക്കും ഇന്ററിനെറ്റ് സേവനം ലഭ്യമാക്കാനുള്ള ബൃഹദ്പദ്ധതിയുടെ ഭാഗമായി വൺവെബിന്റെ ആദ്യ വിക്ഷേപണം ISRO നടത്തിയത് ?
  - **2022 ഒക്ടോബർ 23 ന്**
- ചുഴലിക്കൊടുങ്കാറ്റിൽ വൻ നാശമുണ്ടായതിനെ തുടർന്ന് യു.എസ്. പ്രസി ഡന്റ് ജോ ബൈഡൻ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച നഗരം ?
  - **മിസിസിപ്പി**
- സ്വകാര്യതയ്ക്കും സൈബർ സുരക്ഷയ്ക്കും വെല്ലുവിളി ആയതിനാൽ അടുത്തിടെ ടിക് ടോക് നിരോധനം ഏർപ്പെടുത്തിയത് ?
  - **ഫ്രാൻസ്**
- ബ്രിക്സ് രാജ്യങ്ങളുടെ ബാങ്കായ ന്യൂ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രസിഡന്റായി നിയമിതയായ ബ്രസീലിന്റെ മുൻ പ്രസിഡന്റ് ?
  - **ദിൽമ റൂസഫ്**
- ഉപരിതലത്തിലുള്ള ഒരു അഗ്നിപർവ്വതം ഇപ്പോഴും സജീവമാണെന്ന് നാസ ഗവേഷണ പ്രബന്ധം സൂചിപ്പിച്ചത് ഏത് ഗ്രഹത്തിൽ ?
  - **ശുക്രൻ**
- ലോക വനിതാ ബോക്സിങ്ങിൽ 50Kg വിഭാഗത്തിൽ വിയറ്റ്നാമിന്റെ എൻഗുയൻതി താമിനെ പരാജയപ്പെടുത്തി സ്വർണം നേടിയ ഇന്ത്യൻ താരം ?
  - **നിഖാത് സരിൻ**
  - **നിഖാത് സരിൻ തുടർച്ചയായ രണ്ടാം തവണയാണ് ലോക ചാമ്പ്യനാകുന്നത്.**

- മേരികോമിനു ശേഷം തുടർച്ചയായി ലോക ചാമ്പ്യനാകുന്ന ആദ്യ ഇന്ത്യൻ താരമായത്
  - **നിഖാത് സരിൻ (തെലങ്കാന)**
  - **മേരികോം ആറു തവണ ലോക ചാമ്പ്യൻ പട്ടം സ്വന്തമാക്കിയിട്ടുണ്ട്.**
- ലോക വനിതാ ബോക്സിങ്ങിൽ 75 Kg വിഭാഗത്തിൽ ഓസ്ട്രേലിയയുടെ കെയ്റ്റ്ലിൻ പാർക്കറെ പരാജയപ്പെടുത്തി സ്വർണം നേടിയ ഇന്ത്യൻ താരം ?
  - **ലവ്‌ലിന ബോർഗോഹെയ്ൻ (അസം)**
- 2023 ലോക വനിതാ ബോക്സിങ്ങിൽ ഇന്ത്യക്ക് നിലവിൽ എത്ര സ്വർണം ?
  - **4**
- സ്വിസ് ഓപ്പൺ ഡബിൾസ് കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരങ്ങൾ ആയത് ?
  - **സാത്വിക് സായ് രാജ് രെങ്കി റെഡ്ഡി -ചിരാഗ് ഷെട്ടി സഖ്യം**
- ടി20 ഇന്റർനാഷണൽ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിജയകരമായ റൺ ചേസ് നടത്തിയത് ?
  - **ദക്ഷിണാഫ്രിക്ക**
  - **വെസ്റ്റ് ഇൻഡീസിനെതിരായ 259 റൺസിന്റെ വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക പിന്തുടർന്ന് ജയിച്ചു.**
- പ്രഥമ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം നേടിയത് ?
  - **മുംബൈ ഇന്ത്യൻസ്**
  - **ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.**
  - **ക്യാപ്റ്റൻ : ഹർമൻപ്രീത് കൗർ**
- ഫൈനലിലെ താരം ആയത് ?
  - **നാറ്റ് സിവർ ബ്രന്റ്**
  - **(മുംബൈ ഇന്ത്യൻസ്)**
- കൂടുതൽ റൺസ് നേടി ഓറഞ്ച് ക്യാപ് നേടിയത് ?
  - **മെഗ് ലാന്നിങ്ങ് (ഡൽഹി ക്യാപിറ്റൽസ് ) 345 റൺസ്**
- കൂടുതൽ വിക്കറ്റ് നേടി പർപ്പിൾ ക്യാപ് നേടിയത് ?
  - **ഹെയ്ലി മാത്യൂസ്(മുംബൈ ഇന്ത്യൻസ് ) 16 വിക്കറ്റ്**
- എമർജിങ് പ്ലെയറായി തിരഞ്ഞെടുക്കപ്പെട്ട മുംബൈ ഇന്ത്യൻസ് താരം ?
  - **യാസ്തിക ഭാട്യ**
- ലീഗിലെ മികച്ച താരമായത് ?
  - **ഹെയ്ലി മാത്യൂസ്**

- ഫെയർപ്ലേ പുരസ്കാരം നേടിയത് ?
  - **മുംബൈ ഇന്ത്യൻസ് & ഡൽഹി ക്യാപിറ്റൽസ്**
- പ്രഥമ വനിതാ പ്രീമിയർ ലീഗിൽ ഫൈനലിൽ കളിക്കുന്ന ആദ്യ കേരളതാരമെന്ന നേട്ടം കൈവരിച്ചത് ?
  - **മിന്നു മണി (ഡൽഹി ക്യാപിറ്റൽസ് ), വയനാട് സ്വദേശി**

## MAR 28

- ലോക നാടക ദിനം(Theatre Day) ആചരിക്കുന്നത് ?
  - **മാർച്ച് 27**
- ഈ വർഷത്തെ ലോക നാടക ദിനത്തിന്റെ പ്രമേയം ?
  - **തീയറ്ററും സമാധാനത്തിന്റെ സംസ്കാരവും**
- 12-ാമത് ഫോർബ്സ് ഇന്ത്യ ലീഡർഷിപ്പ് അവാർഡ്സ് 2023-ൽ GenNext Entrepreneur അവാർഡ് നേടിയത് ?
  - **ഇഷ അംബാനി**
- Aravalli Green Wall Project ന് തുടക്കം കുറിച്ചത് ?
  - **കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്, ഗുരുഗ്രാമിൽ**
- അന്തരിച്ച മുൻകേന്ദ്രമന്ത്രി സുഷമാ സ്വരാജിന്റെ മകൾ സജീവ രാഷ്ട്രീയത്തിലേക്ക്. പേര് ?
  - **ബാംസുരി സ്വരാജ്**
  - **നിലവിൽ സുപ്രീംകോടതിയിൽ അഭിഭാഷക.**
- സദ്ഗുരു മധുസൂദൻ സായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് ഉദ്ഘാടനം ചെയ്തത് ?
  - **നരേന്ദ്ര മോദി, ബെംഗളൂരു**
- നമീബിയയിൽനിന്ന് മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിലെത്തിച്ച എട്ടു ചീറ്റകളിലൊന്ന് വൃക്കയിലെ അണുബാധയെത്തുടർന്ന് തിങ്കളാഴ്ച ചത്തു പേര് ?
  - **സാഷ**
- ജി-20 ഉച്ചകോടിയോടനുബന്ധിച്ച് അരുണാചൽപ്രദേശിന്റെ തലസ്ഥാനമായ ഇറ്റാനഗറിൽ നടന്ന രണ്ടു ദിവസത്തെ സമ്മേളനത്തിൽ നിന്ന് വിട്ടു നിന്നത് ?
  - **ചൈന**
- യുഎഇ പുറത്തിറക്കുന്ന ഡിജിറ്റൽ കറൻസി ?
  - **ഡിജിറ്റൽ ദിർഹം**

- ഭക്ഷണം പാഴാക്കുന്നത് തടയാൻ മൂന്ന് ദശലക്ഷം ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നതിനുള്ള സംരംഭം ആരംഭിച്ചത് ?
  - **യുഎഇ ഫുഡ് ബാങ്ക്**
- ടിബറ്റൻ ബുദ്ധമതത്തിലെ മൂന്നാമത്തെ ഉന്നത ആത്മീയ നേതാവായി തിരഞ്ഞെടുത്ത 8 വയസുകാരൻ ഏത് രാജ്യക്കാരനാണ് ?
  - **മംഗോളിയ**
  - **അമേരിക്കയിൽ ജനിച്ച കുട്ടിയെ പത്താമത്തെ 'ഖൽഖ ജെറ്റ്സൺ ദമ്പ റിംപോച്ചെ' യായാണ് ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമ വാഴിച്ചത്.**
  - **തങ്ങൾ തിരഞ്ഞടുക്കുന്ന ബുദ്ധമത നേതാക്കളെ മാത്രമേ അംഗീകരിക്കു എന്ന നിലപാടിൽ ഉറച്ചുനിൽക്കുന്ന ചൈനയെ തള്ളിയാണ് ദലൈലാമയുടെ നടപടി.**
- ഫ്രാൻസിനു പിന്നാലെ ചൈനീസ് വീഡിയോ ആപ്ലിക്കേഷൻ ആയ ടിക് ടോക് നിരോധിച്ചത് ?
  - **സ്വീഡിഷ് സൈന്യം**
- ആരോഗ്യ മാനസിക കാരണങ്ങളാലല്ലാതെ പ്രധാനമന്ത്രിയെ പുറത്താക്കുന്നത് വിലക്കി നിയമം പാസാക്കാൻ ഒരുങ്ങുന്ന രാജ്യം ?
  - **ഇസ്രായേൽ**
- യു.എസിൽ പ്രതിസന്ധിയിലായ സിലിക്കൺ വാലി ബാങ്കിനെ (S.V.B.) ഏറ്റെടുത്ത നോർത്ത് കരോലിന ആസ്ഥാനമായ ബാങ്ക് ?
  - **ഫസ്റ്റ് സിറ്റിസൺ ബാങ്ക് ആൻഡ് ട്രസ്റ്റ് കമ്പനി**
- സ്കോട്ടിഷ് നാഷണൽ പാർട്ടിയുടെ നേതൃസ്ഥാനത്തേക്ക് നടന്ന മത്സരത്തിൽ വിജയിച്ചത് ?
  - **ഹംസ യൂസഫ്**
- ബ്രിട്ടനിലെ ഏതെങ്കിലും പ്രധാന രാഷ്ട്രീയപ്പാർട്ടിയുടെ തലപ്പത്തെത്തുന്ന ആദ്യ മുസ്ലിം ?
  - **ഹംസ യൂസഫ് ( പാക് വംശജൻ ആണ്.)**
- അടുത്തിടെ അന്തരിച്ച ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വംശജനായ സ്വാതന്ത്ര്യ സമരസേനാനി ?
  - **മൂസെ മൂല**

- ചന്ദ്രനിലുടനീളം ചിതറിക്കിടക്കുന്ന കണ്ണാടി മുത്തുകൾക്കുള്ളിൽ വെള്ളം കണ്ടെത്തിയതായി ശാസ്ത്രജ്ഞർ. കണ്ടെത്തലിന് കാരണമായത് ?
  - **2020 ഡിസംബറിൽ ചൈനയുടെ ചാങ്ങ് ഇ 5 പേടകം ചന്ദ്രനിൽനിന്ന് കോരിക്കൊണ്ടുവന്ന 117 കണ്ണാടിമുത്തുകൾ.**
- ഏത് ഐപിഎൽ ടീമിന്റെ മുഖ്യ സ്പോൺസർ ആണ് ഖത്തർ എയർവെയ്സ് ?
  - **ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്**
- ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്റെ ക്യാപ്റ്റനാവുന്നത് ?
  - **നിധീഷ് റാണ**
- സൈപ്രസിലെ ഒന്നാം ഡിവിഷൻ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയത് ?
  - **അപ്പോളൻ ലിമസോൾ (ഇന്ത്യൻ താരം മനീഷ കല്യാണിന്റെ ടീമാണ്.)**
- ബി.സി.സി.ഐ. വാർഷിക കരാർപ്പട്ടികയിൽ ഉൾപ്പെട്ട ആദ്യ മലയാളി താരം ?
  - **സഞ്ജു സാംസൺ**
  - **ഒരു കോടി വാർഷിക പ്രതിഫലം ലഭിക്കുന്ന സി വിഭാഗത്തിലാണ് സഞ്ജു ഉൾപ്പെടുന്നത് .**
- അടുത്തിടെ അന്തരിച്ച അകാൻഷ ദുബെ ഏത് ഭാഷയിലെ പ്രമുഖ ചലച്ചിത്ര താരം ആണ് ? **ഭോജ്പുരി**
- നാടകത്തിന്റെ അരങ്ങിൽ അഭിനേതാവായും സംവിധായകനായും വ്യക്തിമുദ്ര പതിപ്പിച്ച അടുത്തിടെ അന്തരിച്ച വ്യക്തി ?
  - **വിക്രമൻ നായർ(75)**
- തോട്ടം മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപവത്കരിച്ച് സർക്കാർ ഉത്തരവായി. ഇതിന്റെ ആസ്ഥാനം ഏത് ? ഏത് വകുപ്പിനു കീഴിൽ ആണ് പ്രവർത്തനം ??
  - **തിരുവനന്തപുരം, വ്യവസായ വകുപ്പ്**
- ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ആർദ്ര കേരളം പുരസ്കാരങ്ങളിൽ ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം ലഭിച്ചത് ?
  - **ചെന്നീർക്കര പഞ്ചായത്ത്, പത്തനംതിട്ട**
- ആർദ്ര കേരളം പുരസ്കാരങ്ങളിൽ മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം ലഭിച്ചത് ?
  - **കോഴിക്കോട്**

- മുനിസിപ്പൽ കോർപ്പറേഷൻ വിഭാഗത്തിൽ ആർദ്ര കേരളം പുരസ്കാരം ലഭിച്ചത് ?
    - **തിരുവനന്തപുരം കോർപ്പറേഷൻ**
- ആർദ്ര കേരളം പുരസ്കാരത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് ?
    - **മുളന്തുരുത്തി**
- ലോക ബാഡ്മിന്റൺ ഫെഡറേഷൻ (BWF) ടൂർണമെന്റ് റഫറി ആവുന്ന ആദ്യ ഇന്ത്യക്കാരി എന്ന നേട്ടം കൈവരിച്ച മലയാളി ?
    - **ജയശ്രീ നായർ**

## MAR 29

- പൊതുഗതാഗതത്തിൽ റോപ് വേ സേവനം ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യ നഗരം
    - **വാരണാസി**
- ജമ്മു കാശ്മീരിലെ കത്രയേയും റിയാസിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ കേബിൾ സ്റ്റേയ്ഡ് റെയിൽവേ പാലം ?
    - **അഞ്ജി ഖഡ് പാലം**
- ഇന്ത്യയിൽ ആദ്യമായി കോടതി നടപടികളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനമായ Chat GPT യുടെ സേവനം പ്രയോജനപ്പെടുത്തിയ ഹൈക്കോടതി ?
    - **പഞ്ചാബ് & ഹരിയാന ഹൈക്കോടതി**
- നിയമ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജൂപ്പിറ്ററ്സ് അടുത്തിടെ അവതരിപ്പിച്ച ചാറ്റ് ബോട്ട് ?
    - **സായ**
- ആധാറും പാൻ നമ്പറും ബന്ധിപ്പിക്കാനുള്ള സമയപരിധി എന്ന് വരെയാണ് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് നീട്ടിയത്?
    - **2023 ജൂൺ 30 വരെ**
- രാജ്യത്ത് അവശ്യമരുന്നുകൾക്ക് ഏപ്രിൽ ഒന്നു മുതൽ വൻതോതിൽ വില കൂടും. എത്ര % വരെ വർധനയ്ക്കാണ് നിർമാതാക്കൾക്ക് അനുമതി നൽകുന്നത് ?
    - **12% വരെ**
- G20 ഇൻഫ്രാസ്ട്രക്ചർ വർക്കിംഗ് ഗ്രൂപ്പ് ഉച്ചകോടി നടക്കുന്നത് ?
    - **വിശാഖപട്ടണം**
    - **ഇൻഫ്രാസ്ട്രക്ചർ വർക്കിംഗ് ഗ്രൂപ്പ് ഉച്ചകോടിയുടെ സഹ അധ്യക്ഷ സ്ഥാനം വഹിക്കുന്ന രാജ്യങ്ങൾ : ഓസ്ട്രേലിയ & ബ്രസീൽ**

- അടുത്തിടെ വൈറ്റ്ഫീൽഡ് മെട്രോ ലൈൻ ഉദ്ഘാടനം ചെയ്തത് ആര്,എവിടെ ??
  - **നരേന്ദ്ര മോദി, ബെംഗളൂരുവിൽ**
- 2023 മാർച്ചിൽ മാധ്യമപ്രവർത്തകരെ സംരക്ഷിക്കുന്നതിനുള്ള ബിൽ പാസാക്കിയ സംസ്ഥാനം ?
  - **ഛത്തീസ്ഗഡ്**
- ലഡാക്കിലെ ഹാൻലെയിൽ ആരുടെ നേതൃത്വത്തിൽ ആണ് ഡാർക് സ്കൈ റിസർവ് പ്രവർത്തനം ആരംഭിക്കുന്നത് ?
  - **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോഫിസിക്സ് (IIA)**
- അമേരിക്കയിലെ കണക്ടികട്ട് സംസ്ഥാനത്തെ പൊലീസ് ഉപമേധാവിയായി നിയമിതയായ ഇന്ത്യൻ വംശജ ?
  - **ലഫ്റ്റനന്റ് മൻമീത് കൊളോൺ**
- ദേശീയ ആരോഗ്യ മന്ത്രാലയം റിപ്പോർട്ട് പ്രകാരം 2022-ൽ ഏറ്റവും കൂടുതൽ ക്ഷയരോഗം റിപ്പോർട്ട് ചെയ്തത് ?
  - **ഡൽഹി**
- നാട്ടുമാവുകൾ വെച്ച്പിടിപ്പിക്കുന്ന "നാട്ടുമാമ്പാത" എന്ന പദ്ധതി ആരംഭിച്ച ജില്ലാ പഞ്ചായത്ത് ?
  - **കോഴിക്കോട്**
- കേന്ദ്ര ടെലികോം മന്ത്രാലയത്തിന്റെ പണ്ഡിറ്റ് ദീൻദയാൽ ടെലികോം സ്കിൽ എക്സലൻസ് അവാർഡ് 2022-ന് അർഹമായ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ്?
  - **ഇൻടോട്ട് ടെക്നോളജീസ്**
  - **റേഡിയോ റിസീവർ രംഗത്ത് ഡിജിറ്റൽ വത്കരണത്തിന് സഹായിക്കുന്ന സാങ്കേതികവിദ്യ ഒരുക്കുന്ന സ്റ്റാർട്ടപ്പാണ് ഇത്.**
- നാലുമണി പൂക്കൾ പദ്ധതി ഏത് രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
  - **ക്ഷയം**
- കലാമണ്ഡലം ഹൈദരാലി സ്മാരക ശങ്കരാഭരണ പുരസ്ക്കാരം(10,000 ₹) ലഭിച്ച മേളവിദ്വാൻ ? **ആയാംകുടി കുട്ടപ്പമാരാർ**
- പത്തിയൂർ കൃഷ്ണ പിള്ള സ്മാരക പുരസ്കാരം (15,000 ₹) ലഭിച്ച കഥകളിഗായകൻ ?
  - **വൈക്കം പുരുഷോത്തമൻ പിള്ള**
- ഇന്ത്യൻ ഗ്രാന്റ് പ്രീ 2 (GP2) അത്‌ലറ്റിക്സ് നടക്കുന്നത് ?
  - **കേരളം**

- ഇന്ത്യൻ GP2 ൽ 100 മീറ്ററിലും 200 മീറ്ററിലും രണ്ട് സ്വർണം കരസ്ഥമാക്കിയത് ?
  - **അർച്ചന സുശീന്ദ്രൻ (തമിഴ്നാട് )**
- 100 മീറ്ററിൽ അർച്ചന സുശീന്ദ്രൻ പരാജയപ്പെടുത്തിയത് ?
  - **ഹിമ ദാസിനെ**
- ഇന്ത്യൻ ഗ്രാന്റ് പ്രീ2 അത്‌ലറ്റിക്സിൽ ട്രിപ്പിൾ ജമ്പിൽ സ്വർണം നേടിയ ഇന്ത്യയുടെ വനിതാ താരം ?
  - **നയന ജെയിംസ്**
- അർജന്റീനയ്ക്കായി കരിയറിൽ നൂറ് ഗോളുകൾ നേടിയത് ?
  - **ലയണൽ മെസ്സി(174 മൽസരങ്ങളിൽ നിന്നാണ് സെഞ്ചുറി ഗോൾ നേട്ടം.)**
- പെലെയ്ക്കും മാറഡോണയ്ക്കും അരികെ മെസ്സിയുടെയും പ്രതിമ സ്ഥാപിച്ചത് ?
  - **തെക്കേ അമേരിക്കൻ ഫുട്ബോൾ ഫെഡറേഷന്റെ മ്യൂസിയത്തിൽ**
- ഇംഫാലിൽ നടന്ന ത്രിരാഷ്ട്ര കപ്പ് ഫുട്ബോൾ കിരീടം നേടിയത് ?
  - **ഇന്ത്യ**
- അന്താരാഷ്ട്ര ഫുട്ബോളിൽ ഏറ്റവുമധികം ഗോൾ നേടിയവരുടെ പട്ടികയിൽ 85 ഗോളോടെ അഞ്ചാം സ്ഥാനത്ത് എത്തിയത് ?
  - **സുനിൽ ഛേത്രി ( മറികടന്നത് ഹംഗറിയുടെ ഫെറങ്ക് പുഷ്കാസിനെ.)**
- സാഫ് അണ്ടർ 17 ഫുട്ബോളിൽ ടൂർണമെന്റിലെ ടോപ് ഗോൾ സ്കോറർ ആയ മലയാളി താരം ?
  - **ഷിൽജി ഷാജി (8ഗോളുകൾ)**
- ദേശീയ ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ തുടർച്ചയായ 12-ാം തവണയും കിരീടം നേടിയത് ?
  - **കേരളം**
  - **കേരളത്തിന്റെ വനിതകളാണ് ഒരു സ്വർണവും അഞ്ച് വെള്ളിയും നേടി ദേശീയ ചാമ്പ്യൻഷിപ്പ് നിലനിർത്തിയത്.**
  - **2. ഹരിയാന 3. തമിഴ്നാട്**

## MAR 30

- വൈക്കം സത്യാഗ്രഹം ആരംഭിച്ചത് ?
  - **1924 മാർച്ച് 30**
- ജി 20 ഷെർപ്പ യോഗത്തിന് തുടക്കമാകുന്നത് ?
  - **2023 മാർച്ച് 30, കുമരകം**

- കേരളം ആസ്ഥാനമായ ഏത് ബാങ്കിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒ.യും ആണ് പുനർനിയമനത്തിന് തന്നെ പരിഗണിക്കേണ്ടതില്ലെന്ന് വ്യക്തമാക്കിയത് ?
  - **സൗത്ത് ഇന്ത്യൻ ബാങ്ക് , മുരളി രാമകൃഷ്ണൻ**
  - **സെപ്റ്റംബർ 30ന് വിരമിക്കും.**
- സംസ്ഥാന യുവജന കമ്മിഷന്റെ യൂത്ത് ഐക്കൺ പുരസ്കാരങ്ങളിൽ കലാ-സാംസ്കാരിക മേഖലയിൽ നിന്ന് അർഹനായത് ?
  - **ആസിഫ് അലി**
- സംസ്ഥാന യുവജന കമ്മിഷന്റെ യൂത്ത് ഐക്കൺ പുരസ്കാരങ്ങളിൽ കായിക മേഖലയിൽ നിന്ന് അർഹനായത് ?
  - **പി. ആർ. ശ്രീജേഷ്**
- സംസ്ഥാന യുവജന കമ്മിഷന്റെ യൂത്ത് ഐക്കൺ  പുരസ്കാരങ്ങളിൽ സാഹിത്യ മേഖലയിൽ നിന്ന് അർഹയായത് ?
  - **എം. കെ. ഷബിത**
- പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാനായി ആരെയാണ് നിയമിക്കുന്നത് ?
  - **രാജീവ് ഒ.എൻ.വി.**
  - **ഒ.എൻ.വി. കുറുപ്പിന്റെ മകൻ.**
- സംസ്ഥാനത്തെ പ്രഥമ കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് ഉദ്ഘാടനം ചെയ്യുന്നത് ?
  - **2023 ഏപ്രിൽ 1ന് പിണറായി വിജയൻ കോവളം ക്രാഫ്റ്റ് വില്ലേജിൽ**
- ആരെ അയോഗ്യനാക്കിയ നടപടി ആണ് ലോക്സഭാ സെക്രട്ടേറിയറ്റ് പിൻവലിച്ചത് ?
  - **ലക്ഷദ്വീപ് എം.പി. മുഹമ്മദ് ഫൈസലിനെ**
- വംശനാശഭീഷണി നേരിടുന്ന ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് പക്ഷിയെ സംരക്ഷിക്കാൻ ഏതെല്ലാം സംസ്ഥാനങ്ങളിലെ വനംവകുപ്പുകളുടെ സഹകരണത്തോടെയാണ് സംരക്ഷിത പ്രജനനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ?
  - **രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര**
- ലീഗൽ മെട്രോളജി നിയമവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാനായി ഐ.ടി. മന്ത്രാലയം പുറത്തിറക്കിയ ആപ്പ് ?
  - **മാപ്റ്റോൾ ഗ്രീവൻസ്**
  - **നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ (NIC) നേതൃത്വത്തിൽ വികസിപ്പിച്ചു.**

- കർണാടകത്തിൽ നിയമസഭാതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.എന്ന് ?
  - **മെയ് 10**
- ജനിതകമാറ്റം വരുത്തിയ ഏത് വിളയാണ് കെ.ജെ. 66 ?
  - **ഉരുളക്കിഴങ്ങ്**
- ഇന്ത്യയിലെ ആദ്യത്തെ ബോക്സൈറ്റ് സർട്ടിഫൈഡ് റഫറൻസ് മെറ്റീരിയൽ ആയ BARC B1201 സംയുക്തമായി വികസിപ്പിച്ചെടുത്തത് ?
  - **നാഷണൽ അലുമിനിയം കമ്പനി ലിമിറ്റഡും (NALCO) & ഭാഭ ആറ്റോമിക് റിസർച്ച് സെന്റർ (BARC)**
- യു.എ.ഇ. വൈസ് പ്രസിഡൻറായി നിയമിതനായത് ?
  - **ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽകാര്യവകുപ്പ് മന്ത്രിയുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാൻ**
- അബുദാബി കിരീടാവകാശിയായി പ്രഖ്യാപിച്ചത് ആരെയാണ് ?
  - **ശൈഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ**
- സൂര്യന്റെ ഉപരിതലത്തിൽ ഭൂമിയെക്കാൾ 20 ഇരട്ടി വലുപ്പമുള്ള കറുത്തഭാഗം സൗരപ്രഭാമണ്ഡലത്തുള (കൊറോണൽ ഹോൾ) കണ്ടെത്തിയത് ?
  - **നാസ**
  - **സൂര്യനെപ്പറ്റി പഠിക്കുന്ന നാസയുടെ സോളാർഡൈനാമിക്സ് ഒബ്സർവേറ്ററി ഈ മാസം 23നാണ് കണ്ടെത്തിയത്.**
- അടുത്തിടെ ചീഫ് ജസ്റ്റിസിന്റെ വിവേചനാധികാരം നിയന്ത്രിക്കുന്നതിന് പാർലമെന്റ് നിയമം കൊണ്ടുവന്ന രാജ്യം ?
  - **പാകിസ്താൻ**
- ബ്രിട്ടീഷ് ഹാസ്യതാരവും ലൈംഗിക ന്യൂനപക്ഷ അവകാശങ്ങളുടെ പ്രചാരകനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **പോൾ ഒ. ഗ്രേഡി**
- ഷാങ്ഹായ് സഹകരണസംഘത്തിൽ (SCO) പുതുതായി അംഗമാവുന്നത് ?
  - **സൗദി അറേബ്യ**
  - **ഡയലോഗ് പാർട്ണർ എന്ന പദവിയാകും സൗദിക്കു ലഭിക്കുക.**
- ഖത്തറിന്റെ മധ്യസ്ഥതയെ തുടർന്ന് റുവാണ്ടൻ സർക്കാർ ജയിലിൽ നിന്നും മോചിപ്പിച്ച പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകൻ ആര് ?
  - **പോൾ റസെസബാഗിന**

- നമീബിയയിൽ നിന്ന് ഇന്ത്യയിലേക്കു കൊണ്ടു വന്ന ചീറ്റപ്പുലി മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിൽ പ്രസവിച്ചു. പേര് ?
  - **സിയ എന്ന ചീറ്റയാണ് നാലുകുഞ്ഞുങ്ങൾക്ക് ജന്മം നൽകിയത്.**
  - **79 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഇന്ത്യയിൽ ഒരു ചീറ്റ പ്രസവിക്കുന്നത്.**
- 16-ആം സീസൺ ഇന്ത്യൻ പ്രീമിയർ ലീഗ് ആരംഭിക്കുന്നത് ?
  - **2023 മാർച്ച് 31**

## MAR 31

- അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായി ആചരിക്കുന്നത് ?
  - **മാർച്ച് 30**
- യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി സീറോ വേസ്റ്റ് പ്രോഗ്രാമുകളുടെ പ്രാധാന്യം അംഗീകരിച്ചത് ?
  - **2022 ഡിസംബർ 14**
  - **എല്ലാ വർഷവും മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായി ആഘോഷിക്കാൻ ആഹ്വാനം ചെയ്തു.**
- 2023 ലെ ഭൗമ മണിക്കൂറിൽ 279 മെഗാവാട്ട് വൈദ്യുതി ലാഭിച്ചത് ?
  - **ഡൽഹി**
- രാജ്യത്തെ ഏറ്റവും വലിയ ടെക് ഇൻഫ്രാ എക്സ്പോ ആയ കൺവെർജൻസ് ഇന്ത്യ എക്സ്പോ യുടെ വേദി ?
  - **ന്യൂഡൽഹി**
- ഇന്ത്യയിലെ ആദ്യ വൈദ്യുത തീർത്ഥാടന ഇടനാഴി (Electric Pilgrimage Corridor) നിലവിൽ വരുന്ന സംസ്ഥാനം ?
  - **ഉത്തരാഖണ്ഡ്**
- ഓഷ്യൻസാറ്റ് പരമ്പരയിലെ മൂന്നാം തലമുറ ഉപഗ്രഹമായ ഏത് ഉപഗ്രഹം എടുത്ത ഭൂമിയുടെ ചിത്രങ്ങൾ ആണ് ISRO പുറത്തുവിട്ടത് ?
  - **ഇ.ഒ.എസ്.-06**
- അടുത്തിടെ ഭൗമ സൂചിക പദവി(GI Tag) ലഭിച്ച സുന്ദർജ മാമ്പഴം ഏത് സംസ്ഥാനത്ത് ആണ് കൂടുതലായി ഉൽപ്പാദിപ്പിക്കുന്നത് ?
  - **രേവ ജില്ല, മധ്യപ്രദേശ്**

- ശർക്കരയും എള്ളും കൊണ്ടുണ്ടാക്കുന്ന ഒരു മധുരപലഹാരങ്ങളും GI Tag ലഭിച്ചു. പേര് ?
    - **മധ്യപ്രദേശിലെ മൊറേനയിലെ Gajak എന്ന പലഹാരം**
- 'നാഗ്രി ദുബ്‌രാജ്' എന്ന നെല്ലിനത്തിനും GI Tag ലഭിച്ചു. ഏത് സംസ്ഥാനത്ത് ആണ് നാഗ്രി ദുബ്‌രാജ് നെല്ലിനം കാണപ്പെടുന്നത് ?
    - **ഛത്തീസ്ഗഢ്**
- അപൂർവരോഗങ്ങളുടെ ചികിത്സയ്ക്കായി ഇറക്കുമതി ചെയ്യുന്ന മരുന്നുകളുടെ അടിസ്ഥാന ഇറക്കുമതിത്തീരുവ കേന്ദ്രസർക്കാർ പൂർണമായും ഒഴിവാക്കി. എത്ര മരുന്നുകൾ ?
    - **51**
- അടിസ്ഥാന ഇറക്കുമതിത്തീരുവയിൽനിന്ന് സർക്കാർ പൂർണമായും ഒഴിവാക്കിയ ആദ്യഘട്ട അർബുദരോഗികളിൽ വ്യാപകമായി ഉപയോഗിക്കുന്ന മരുന്ന് ?
    - **പെംബ്രോലി സുമാബിനെ (കീട്രൂഡ)**
- ഇന്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ ഒ. വി. വിജയൻ സ്മാരക പുരസ്കാരം ലഭിച്ചത് ?
    - **സുഭാഷ് ചന്ദ്രൻ (സമഗ്രസംഭാവനയ്ക്ക് ആണ് 20000₹ യുടെ പുരസ്കാരം )**
- സി.വി.കുഞ്ഞുരാമൻ സാഹിത്യപുരസ്കാരം ലഭിച്ചത് ?
    - **പെരുമ്പടവം ശ്രീധരൻ**
    - **മലയാള സാഹിത്യത്തിനും ഭാഷയ്ക്കും നൽകിയ സമഗ്രസംഭാവന പരിഗണിച്ചാണ് പുരസ്ക്കാരം. 10001 ₹യുടേതാണ് പുരസ്ക്കാരം.**
- ലോക ബാങ്കിന്റെ അടുത്ത തലവനായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നത് ?
    - **അജയ് ബംഗ (US പ്രസിഡന്റ് ജോ ബൈഡനാണ് പേര് നിർദേശിച്ചത്. )**
- ടെക്സാസ് യൂണിവേഴ്സിറ്റിയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ച ഇന്ത്യൻ വ്യവസായി ?
    - **നവീൻ ജിൻഡാൽ**
- ബ്രിട്ടൺ ഉക്രേനിയൻ സൈനിക റിക്രൂട്ട്മെന്റിന് പരിശീലനം നൽകുന്നത് ഏത് പേരിൽ ആണ് ?
    - **ഓപ്പറേഷൻ ഇന്റർഫ്ലെക്സ്**
- ഈ സീസണിലെ ഇന്ത്യൻ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റ് ആദ്യ മത്സരം നടക്കുന്നത്
    - **ഗുജറാത്ത് ടൈറ്റൻസ് & ചെന്നൈ സൂപ്പർ കിംഗ്സ്**
    - **വേദിയാകുന്നത് : നരേന്ദ്രമോദി സ്റ്റേഡിയം,അഹമ്മദാബാദ്**

**************************************

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in